നം.കെ.എസ്.എ.പി.റ്റി.എ.പി5/181/2019 തീയതി: 14/03/2019

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് -ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 1.6.2017മുതൽ 16.2.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്,<br>ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.02.2019 മുതൽ 27.02.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം | ശ്രീ. ജോർജ്ജ് പി മാത്യു, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി സൂര്യപ്രഭ.പി.സി, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഹരികുമാർ.എസ്, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി ഗീതാ വിജയൻ | 1.04.2017 മുതൽ 31.03.2018വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.സി.കെ.രാധാകൃഷ്ണൻ നായർ, അസി.സെക്രട്ടറി (സെക്രട്ടറിയുടെ ചുമതല) | 1.04.2017 മുതൽ 30.04.2017വരെയും,<br>1.06.2017മുതൽ 8.06.2017വരെയും. |
| ശ്രീമതി പി.വത്സല | 1.05.2017മുതൽ 31.05.2017വരെ |
| ശ്രീ.സന്ദീപ് ജേക്കബ് | 9.06.2017മുതൽ 31.03.2018വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2017-18
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2017-18

സൂചിക


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം 1: പൊതു അവലോകനം | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയുടെ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി പെർമിറ്റ് അനുവദിച്ചു | 2-1 |
| 14 | സ്വകാര്യ മൊബൈൽ ടവറുകളുടെ വിസ്തീർണ്ണം കണക്കാക്കിയതിലെ അപാകത- പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ വൻതുക വരുമാന നഷ്ടം | 2-2 |
| 15 | കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചു - പഞ്ചായത്തിന് വരുമാന നഷ്ടം | 2-3 |

| | | |
|---|---|---|
| 16 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല | 2-4 |
| 17 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല | 2-5 |
| 18 | കോൺട്രാക്ടർമാർ തൊഴിൽനികുതി ഒടുക്കിയിട്ടില്ല | 2-6 |
| 19 | എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-7 |
| 20 | അൺ എയ്ഡഡ് സ്കൂളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ തൊഴിൽനികുതി ഈടാക്കുന്നു | 2-8 |
| 21 | ഡി&ഒ ലൈസൻസ് എടുക്കുന്നതിൽ ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല | 2-9 |
| 22 | കൃത്യമായ വരുമാനത്തിന്റെയടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കാത്തതിനാൽ വരുമാനനഷ്ടം | 2-10 |
| 23 | മൊബൈൽ ടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർഫീസ് ഈടാക്കുന്നില്ല | 2-11 |
| 24 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-12 |
| 25 | പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല | 2-13 |
| | ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 26 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി പരിതാപകരം | 3-1 |
| 27 | പൊതു ടാപ്പുകളുടെ വെള്ളക്കരം -പഞ്ചായത്തിന് പ്രതിവർഷ ബാദ്ധ്യത 10.69ലക്ഷം രൂപ | 3-2 |
| 28 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് അധിക സെന്റേജ് ചാർജ് ഈടാക്കുന്നു | 3-3 |
| 29 | പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-4 |
| 30 | പാർട്ട് ടൈം ലൈബ്രേറിയന്റെ പെൻഷൻ കോൺട്രിബ്യൂഷൻ തുക നാളിതുവരെ ഒടുക്കിയില്ല | 3-5 |
| 31 | ODF പ്രോഗ്രാം- 11.57 ലക്ഷം രൂപ നിഷ്ക്രീയമായി കിടക്കുന്നു | 3-6 |
| 32 | എൻ.ആർ.എച്ച്.എം. ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല | 3-7 |
| 33 | മഴക്കാലപൂർവ്വ ശുചീകരണ ക്യാംപെയിൻ-സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല | 3-8 |
| 34 | എ.ബി.സി പ്രോഗ്രാം - വിനിയോഗ രേഖകളില്ല | 3-9 |
| 35 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിന് തുക ചെലവഴിച്ചു | 3-10 |
| 36 | ഓമല്ലൂർ വയൽ വാണിഭം- മിച്ച ഫണ്ടില്ലാതെ അസാധാരണ ചെലവ് നടത്തി | 3-11 |
| 37 | അപേക്ഷകളും അനുബന്ധ രേഖകളും ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-12 |
| 38 | വാഴകൃഷി വികസനം- പദ്ധതി നിർവ്വഹത്തിലെ അപാകതകൾ | 3-13 |
| 39 | തെങ്ങ് കൃഷി വികസനം - സബ്സിഡി ആനുകൂല്യങ്ങൾ നൽകിയതിലെ അപാകതകൾ | 3-14 |
| 40 | കിഴങ്ങ് വിള കൃഷി വികസനം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-15 |

| | | |
|---|---|---|
| 41 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലാപ്പ്ടോപ്പ് - മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല | 3-16 |
| 42 | ഇ.എം.എസ് ഭവനപദ്ധതി അക്കൗണ്ടിൽ തുക ചെലവഴിക്കാതെ ശേഷിക്കുന്നു | 3-17 |
| 43 | ഭവന പുനരുദ്ധാരണ പദ്ധതികൾ- മുൻകൂർ തുക കൈപ്പറ്റിയിട്ടും പണി പൂർത്തിയാക്കിയില്ല | 3-18 |
| 44 | മരാമത്ത് പ്രവൃത്തി- പൊതുവായ അപാകതകൾ | 3-19 |
| 45 | ഓട നിർമ്മാണം- ശിലാഫലകം സ്ഥാപിക്കാതെ തുക നൽകി | 3-20 |
| 46 | ഓട നിർമ്മാണം- സ്ലാബിനുള്ള കമ്പിയുടെ അളവിൽ വൈരുദ്ധ്യം | 3-21 |
| 47 | ഗണപതിക്കുളം മൂടിയിൽ പടി റോഡ് ഓട നിർമ്മാണം- ബില്ല് മാറിയതിൽ കാലതാമസം | 3-22 |
| 48 | വിവിധ സ്കൂളുകളുടെ മെയിന്റനൻസ്- എഗ്രിമെന്റ് വെച്ചതിനു ശേഷവും പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷവും നിരക്കിൽ വ്യത്യാസം വരുത്തി | 3-23 |
| 49 | അറവുശാല നിർമ്മാണം പൂർത്തീകരിക്കാൻ നടപടികളില്ല | 3-24 |
| 50 | ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തില്ല | 3-25 |
| 51 | ബില്ലിൽ നിന്നും കുറവു ചെയ്ത തുകകൾ ഒടുക്കു വരുത്തിയിട്ടില്ല | 3-26 |
| 52 | ഗുണനിലവാരമില്ലാത്ത ഉപകരണങ്ങൾ സപ്ലൈ ചെയ്തു | 3-27 |
| 53 | ഗവ. ആയുർവേദ ആശുപത്രി - അപര്യാപ്തതകൾ | 3-28 |
| 54 | സെക്യൂരിറ്റി ഡിപ്പോസിറ്റ് ഇനത്തിൽ ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റ് പണമാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തിയില്ല | 3-29 |
| 55 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 3-30 |
| 56 | പാലിയേറ്റീവ് കെയർ പദ്ധതി- നടത്തിപ്പിലും മേൽനോട്ടത്തിലും വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല | 3-31 |
| 57 | മൃഗസംരക്ഷണ മേഖല-അർഹരായ ഗുണഭോക്താക്കളുടെ അപര്യാപ്തത മൂലം ചെലവ് കുറയുന്നു | 3-32 |
| 58 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- ഫണ്ടിന്റെ അഭാവം മൂലം പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചില്ല | 3-33 |
| 59 | അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കപ്പെടുന്നില്ല | 3-34 |
| 60 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം | 3-35 |
| 61 | അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല | 3-36 |
| | ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 62 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 63 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-2 |
| 64 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 65 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 66 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 67 | ഓഡിറ്റ് റിക്കവറി | 4-6 |
| 68 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 69 | ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 70 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 71 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2017-18വർഷത്തെ ബഡ്ജറ്റ് 20.03.17-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകരിക്കുകയും, തുടർന്ന് ഭരണസമിതിയുടെ 24.3.17-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. റിവൈസ്ഡ് ബഡ്ജറ്റ് 23.2.18-ൽ അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (പുതുക്കിയ ബഡ്ജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 5684407 | 7362466.54 | 1678059.54 | -- |
| വരവ് | 102080500 | 45704463.00 | -- | 56376037 |
| ആകെ | 107764907 | 53066929.54 | -- | 54697978.46 |
| ചെലവ് | 106637600 | 51670189.00 | -- | 54967411 |
| നീക്കിയിരിപ്പ് | 1127307 | 1396740.54 | 269433.54 | -- |

യഥാർത്ഥ തുകകളിൽ നിന്നും ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി (അപാകത പരിഹരിച്ച് സമർപ്പിച്ചത്) |
|---|---|---|
| 2017-18 | 31.7.2018 | 6.6.2018 |

## 1-3 വാർഷിക ധനകാര്യപത്രികയുടെ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2017-18 വർഷത്തെ വാർഷിക ധനകാര്യപത്രികയ്ക്ക് 13.7.2018-ലെ കെ.എസ്.എ.പി.റ്റി.എ. പി-5/699/18-നമ്പർ വിശേഷണങ്ങളോടു കൂടിയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇതിൽ സൂചിപ്പിച്ച അപാകതകളിൽ പരിഹരിക്കാൻ അവശേഷിക്കുന്നവ ഖണ്ഡിക 1-12-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| *ഇനം* | *തുക* |
|---|---|
| മുന്നിരിപ്പ് | 7362466.54 |
| വരവ് | 45704463.00 |
| ആകെ | 53066929.54 |
| ചെലവ് | 51670189.00 |

| | |
|---|---|
| നീക്കിയിരിപ്പ് | 1396740.54 |

## 1-5 ഫണ്ട് വിനിയോഗം

എ) സംസ്ഥാന ഗ്രാന്റുകൾ

| | മുൻ ബാക്കി | ബജറ്റ് പ്രകാരം വകയിരുത്തിയ തുക | തൻവർഷ വരവ്/ അലോട്ട്മെന്റ് തുക | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9126000 | 9126000 | 9126000 | 7103551 | 2022449 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5207000 | 5203820 | 5203820 | 4479742 | 724078 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 70000 | 69971 | 69971 | 46187 | 23784 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6391000 | 7602897 | 7602897 | 6404259 | 1198638 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2591000 | 2591000 | 2591000 | 1993894 | 597106 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 5130614 | 4360498 | 4360498 | 4340441 | 20057 |
| ലോകബാങ്ക് സഹായം | 0 | 0 | 2009658 | 2009658 | 1082122 | 927536 |

നോട്ട്- വികസനഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് വിഹിതം എന്നീയിനങ്ങളിൽ മേൽകാണിച്ചിരിക്കുന്ന നീക്കിയിരിപ്പ് തുകകൾ വർഷാവസാനം ലാപ്സായി പോയതിനാൽ യഥാർത്ഥ നീക്കിയിരിപ്പ് ഇല്ല.

ബി) മറ്റ് ഫണ്ടുകൾ

| | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി | 250 | 12840255 | 12840505 | 12831110 | 9395 |
| ജനറൽ പർപ്പസ് ഫണ്ട് (ട്രഷറി) | 5315873 | 6380000 | 11695873 | 14286227 | -2590354 |
| തനത് ഫണ്ട് (S.B.I) | 1832609 | 9531240 | 11363849 | 7818480 | 3545369 |
| തനത് ഫണ്ട് (സർവീസ് സഹകരണ ബാങ്ക്) | 78754 | 4606 | 83360 | 0 | 83360 |
| സാക്ഷരത (S.B.I) | 5260 | 196 | 5456 | 0 | 5456 |
| ട്രഷറി ജോയിന്റ് വെൻച്വർ | 0 | 2359146 | 2359146 | 2411530 | -52384 |
| ഇ-പേയ്മെന്റ് അക്കൗണ്ട് | 0 | 25154 | 25154 | 0 | 25154 |
| ബി-ഫണ്ട് | 0 | 2053000 | 2053000 | 2053000 | 0 |
| എസ്.എസ്.എ (എസ്.ബി.ഐ) | 129720 | 4832 | 134552 | 0 | 134552 |

സി) തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷ വരവ് | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 5164815 | 5860978 | +696163 |
| നികുതിയേതര വരവുകൾ | 1616148 | 1640980 | +24832 |
| മറ്റ് വരവുകൾ | 426346 | 724023 | +297677 |
| ആകെ | 7207309 | 8225981 | +1018672 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 175 | 50973556 | 119 | 28330234 | 56 | 55.58% |

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്ടുകൾ* | | *നടപ്പാക്കിയ പ്രോജക്ടുകൾ* | | |
|---|---|---|---|---|---|
| | *എണ്ണം* | *അടങ്കൽ തുക* | *എണ്ണം* | *ചെലവ് തുക* | *ചെലവ് ശതമാനം* |
| ഉല്പാദനം | 18 | 5620468 | 16 | 2983458 | 53.08 |
| സേവനം | 77 | 24825434 | 51 | 12946366 | 52.15 |
| പശ്ചാത്തലം | 80 | 20527654 | 52 | 12400410 | 60.41 |
| ആകെ | 175 | 50973556 | 119 | 28330234 | 55.58 |

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പദ്ധതികൾ* | *നടപ്പാക്കിയ പദ്ധതികൾ* | *വകയിരുത്തിയ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 28 | 18 | 5424547 | 3892438 | 71.76 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 7 | 1255650 | 945915 | 75.33 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 93 | 52 | 27598791 | 11940545 | 43.26 |
| വി.ഇ.ഒ | 10 | 7 | 5566600 | 3398400 | 61.05 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 4 | 1287000 | 1111683 | 86.38 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 2 | 800000 | 800000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 2160000 | 2024401 | 93.72 |
| കൃഷി ഓഫീസർ | 9 | 9 | 1787468 | 1008458 | 56.42 |
| വെറ്ററിനറി സർജൻ | 4 | 4 | 2143000 | 670000 | 31.26 |
| ഹെഡ് മാസ്റ്റർ, ഗവ. എൽ.പി.എസ് | 10 | 10 | 1750500 | 1338394 | 76.46 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1200000 | 1200000 | 100 |

| | | | | | |
|---|---|---|---|---|---|
| ആകെ | 175 | 119 | 50973556 | 28330234 | 55.58 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 250 | 653236 | 653486 | 644091 | 9395 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12196164 | 12196164 | 12196164 | 0 |
| ആകെ | 250 | 12849400 | 12849650 | 12840255 | 9395 |

## 1-8 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | പെൻഷൻ ഇനത്തിലെ ചെലവ് |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 166 | 2053000 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 1211 | 17174000 |
| ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 188 | 2214000 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 20 | 168400 |
| വിധവാ പെൻഷൻ | 491 | 6038800 |
| തൊഴിൽ രഹിത വേതനം | 20 | 19200 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.2.19-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 31698രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1. പൊതുനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും, മുൻവർഷത്തെ ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നതിൽ ജീവനക്കാരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ട്. (പ്രത്യേകിച്ചും ബിൽഡിംഗ് പെർമിറ്റ് ഫയലുകളുടെ കാര്യത്തിൽ). ഫയലുകളും രേഖകളും വർഷം തിരിച്ച് കൃത്യമായി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഐ.എസ്.ഓ സർട്ടിഫിക്കേഷൻ നേടുന്നതിനായി യാതൊരു സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടില്ല. മുകൾ നിലയിൽ പ്രവർത്തിക്കുന്ന ഫ്രണ്ട് ഓഫീസ് താഴത്തെ നിലയിലേക്ക് മാറ്റാനുള്ള നടപടികൾ പോലുമായിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മറ്റികളും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.
പഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതി പരിതാപകരമാണ്. വിശദാംശങ്ങൾ ഖണ്ഡിക-3-1-ൽ പരാമർശിച്ചിട്ടുണ്ട്.

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണ പ്രൊജക്ടുകൾക്കായി ശുചിത്വമിഷനിൽ നിന്നും മുൻവർഷങ്ങളിൽ ലഭ്യമായതിൽ ചെലവഴിക്കാനാവാഞ്ഞ 616250രൂപയും, എം.എൻ ലക്ഷം വീട് പദ്ധതിയ്ക്കായി മുൻവർഷങ്ങളിൽ ലഭിച്ച തുകയുടെ ബാക്കിയായ 2799613രൂപയും തിരിച്ചടയ്ക്കേണ്ടി വന്നു. ലഭ്യമാകുന്ന ഫണ്ടുകൾ സമയബന്ധിതമായി ആസൂത്രണത്തോടെ ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. അക്കൗണ്ടിംഗ് സംവിധാനം

ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. എന്നാൽ വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ

സാധിച്ചിട്ടില്ല. കൂടാതെ, നാളിതുവരെ ആർജ്ജിച്ച ആസ്തികളുടെ ശരിയായ മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3. രജിസ്റ്ററുകളുടെ പരിപാലനം

(എ) ആസ്തി രജിസ്റ്റർ

രജിസ്റ്ററുകളുടെ പരിപാലനം പൊതുവെ തൃപ്തികരമാണ്. എന്നാൽ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ട് വർഷങ്ങളായി. ആസ്തിരജിസ്റ്ററിൽ 2010വർഷം വരെയുള്ള വിവരങ്ങളേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ആസ്തിരജിസ്റ്ററിൽ നാളിതുവരെയുള്ള വിവരങ്ങൾ കൃത്യമായി ഉൾപ്പെടുത്തേണ്ടതും, 26-7-11-ലെ ജി.ഓ(എം.എസ്)152/11/ ത.സ്വ.ഭ.വ- ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആസ്തികളുടെ കൃത്യമായ അക്കൗണ്ടിംഗ് നടത്തേണ്ടതുമാണ്.

(ബി) സ്റ്റോക്ക് രജിസ്റ്റർ

ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല. സാധനങ്ങൾ വാങ്ങുന്നതിന്റെ വിവരം ചേർക്കുന്നുണ്ടെങ്കിലും, ഓരോയിനവും പ്രത്യേകം പേജിൽ ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതിനു പകരം ഇടകലർത്തി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ കേരള ഫിനാൻഷ്യൽ കോഡിലെ നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഉദാഹരണത്തിന് ബുക്ക്, ഫോംസ്, സ്റ്റേഷനറി എന്നിവയ്ക്കും ഓഫീസ് ഫർണീച്ചറുകൾക്കും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഒറ്റ രജിസ്റ്ററിൽ തന്നെ എല്ലാ വാങ്ങലുകളുടെയും വിവരം ചേർക്കുകയാണ് ചെയ്തുവരുന്നത്. പുതിയ വാങ്ങലുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന സാക്ഷ്യപത്രം ബില്ലുകളുടെ ഓഫീസ് കോപ്പിയിൽ എഴുതുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ ഫിനാൻഷ്യൽ കോഡിലെയും പ്രൊക്യൂർമെന്റ് മാന്വലിലെയും നിബന്ധനകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (കെ.എഫ്.സി. വോള്യം-1, ചാപ്റ്റർ-6, 20.08.2016-ലെ ജി.ഒ.(ആർ.ടി.) നം.2487/16 /എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാന്വൽ ഖണ്ഡിക 4.1.4.3 )

(സി) അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ

ഗ്രാമപഞ്ചായത്ത് പരിധിയിലെ അനധികൃത കെട്ടിടങ്ങളെ സംബന്ധിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ദുരിതാശ്വാസ നിധി

കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. സംഭാവന വഴിയും കലാകായികവിനോദ പരിപാടികളിലൂടെയും ഇതിനായി ഫണ്ട് സ്വരൂപിച്ച് ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

5. ജനറൽ കമ്മറ്റി

പഞ്ചായത്ത് കമ്മറ്റിയിൽ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾ, പൊതുജനങ്ങൾക്കുള്ള വിവിധ സേവനങ്ങൾ ലഭ്യമാക്കൽ മുതലായ വിവിധ വിഷയങ്ങളെപ്പറ്റി വിശദമായ ചർച്ചകൾ നടക്കുന്നുണ്ട് എന്ന് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 13.6.17മുതൽ മിനിറ്റ്സ് സകർമ്മ സോഫ്റ്റ്-വെയറിൽ തയ്യാറാക്കുന്നുണ്ട്.

6. ഗ്രാമസഭ

പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. പരമാവധി ആളുകളെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമസഭാ കൺവീനർമാരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ഗ്രാമസഭയിൽ ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകുന്നില്ല എന്ന് മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു.

അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനും ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും അതുവഴി ജനങ്ങളുടെ പങ്ക് പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ ഉണ്ടാകുന്നതിനും പഞ്ചായത്ത് ജനപ്രതിനിധികളും അധികൃതരും ശ്രദ്ധിക്കേണ്ടതാണ്.

7. വർക്കിംഗ് ഗ്രൂപ്പുകൾ

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ക്രിയാത്മകമായ ചർച്ചകളൊന്നും വർക്കിംഗ് ഗ്രൂപ്പിൽ നടക്കുന്നില്ല എന്ന് മിനിറ്റ്സിൽ നിന്നും വ്യക്തമാകുന്നു. ഭാവിയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള നൂതന പ്രൊജക്ടുകളൊന്നും തന്നെ തൻവർഷം ആവിഷ്കരിച്ചിട്ടില്ല. എല്ലാ വർഷവും സ്ഥിരമായി നടപ്പാക്കുന്ന പ്രോജക്ടുകൾ തന്നെയാണ് വീണ്ടും ആവിഷ്കരിക്കുന്നത്. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.1.19 | 11/2018, 12/2018 | 16.2.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8/2013 | 2008-09 to 2012-13 | 21.10.13 |

### 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടതും, പരിഹരിക്കാത്തതുമായ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. വസ്തു നികുതിയുടെ ഡിമാന്റ്, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ തുകകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. ഷെഡ്യൂൾ-I-13-ൽ 2802613രൂപ Other financial expenses എന്നയിനമായി കാണിച്ചിരിക്കുന്നത് ശരിയല്ല. എം.എൻ ലക്ഷം വീട് പദ്ധതിയ്ക്കായി മുൻവർഷങ്ങളിൽ ലഭിച്ചിരുന്നതിൽ ബാക്കിയുള്ള തുകയും പലിശയും ചേർത്തുള്ള തിരിച്ചടച്ച തുകയാണിത്. ടി തുക ശരിയായ ഹെഡ് ഓഫ് അക്കൗണ്ടിൽ കാണിക്കേണ്ടതാണ്.

പ്രസ്തുത അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി പെർമിറ്റ് അനുവദിച്ചു

പത്തനംതിട്ട- അടൂർ സംസ്ഥാന പാതയിൽ ഓമല്ലൂർ ഹയർ സെക്കൻഡറി സ്കൂളിനു സമീപം സർവ്വേ നമ്പർ 62/1, 62/1-2, 62/2-1 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 7.98 ആർ സ്ഥലത്ത് ശ്രീ. വിശ്വനാഥൻ പിള്ള എന്ന വ്യക്തിക്ക് 25/11/17-ലെ എസ്.സി2.ബി.എ(71673)/17 നമ്പർ പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയിരുന്നു. 417.09m2 വിസ്തീർണ്ണമുള്ള നിലവിലുള്ള കെട്ടിടത്തിന്റെ രണ്ടാം നിലയിൽ വാണിജ്യാവശ്യത്തിനുള്ള 5 മുറികളും 3 റസിഡൻഷ്യൽ യൂണിറ്റുകളും ഉൾപ്പടെ 391.67$m^2$വിസ്തീർണ്ണത്തിൽ എക്സ്റ്റൻഷൻ നടത്തുന്നതിനുള്ള അപേക്ഷ പ്രകാരം ഓവർസിയറുടെ 16/11/17-ലെ റിപ്പോർട്ട്, അസിസ്റ്റന്റ് എൻജിനീയറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ സെക്രട്ടറി പെർമിറ്റ് നൽകിയിട്ടുണ്ട്. പെർമിറ്റ് ഫയൽ പരിശോധിച്ചതിലും സ്ഥല പരിശോധന നടത്തിയതിലും വ്യക്തമായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മഹേന്ദ്ര വാഹന ഷോറൂം പ്രവർത്തിക്കുന്ന 5 മുറികളും വാടകയ്ക്ക് നൽകിയിരിക്കുന്ന രണ്ട് റസിഡൻഷ്യൽ യൂണിറ്റുകളുമാണ് ഒന്നാം നിലയിലുള്ളതെന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. രണ്ടാം നിലയിൽ വാണിജ്യാവശ്യത്തിനുള്ള 193.2m2 വിസ്തീർണ്ണമുള്ള 5 മുറികൾക്കും 184m2 വിസ്തീർണ്ണമുള്ള 3 റസിഡൻഷ്യൽ യൂണിറ്റുകൾക്കും 14.47m2 സ്റ്റെയർ ക്യാബിൻ ഏരിയയുമുള്ള 391.67m2 കെട്ടിടത്തിനാണ് പെർമിറ്റിന് അപേക്ഷിച്ചത്. 391.67m2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിനാണ് പെർമിറ്റ് നൽകിയിരിക്കുന്നത്. എന്നാൽ സ്ഥല പരിശോധന നടത്തിയ ഓവർസിയർ 391.67m2വിസ്തൃതിയുള്ള വാസഗൃഹ ആവശ്യത്തിനുള്ള കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കാമെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

2. നിലവിലുള്ള കെട്ടിടത്തിന്റെ വസ്തു നികുതി അസ്സസ്സ്മെന്റ് നമ്പർ VII/197 എന്ന് സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വസ്തു നികുതി അസ്സസ്സ്മെന്റുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിലെ രേഖകൾ പരിശോധിച്ചതിൽ, റസിഡൻഷ്യൽ കെട്ടിടം എന്ന നിലയ്ക്കാണ് നിലവിലുള്ള കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നതെന്ന് വ്യക്തമായി.

3. പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിൽ രണ്ട് റസിഡൻഷ്യൽ യൂണിറ്റുകളും നിർദ്ദിഷ്ട കെട്ടിടത്തിൽ 3 റസിഡൻഷ്യൽ യൂണിറ്റുകളും ഉൾപ്പടെ ആകെ 5 റസിഡൻഷ്യൽ യൂണിറ്റുകളാണ് ഉള്ളത്. [60m2-ൽ കൂടുതലുള്ള 4 യൂണിറ്റുകൾക്കും 60m2 വിസ്തീർണ്ണമുള്ള ഒരു യൂണിറ്റും] പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങളിലെ ചട്ടം 38 പ്രകാരം റസിഡൻഷ്യൽ യൂണിറ്റുകൾക്ക് 4.33 -ഉം, 308.76m2 വിസ്തീർണ്ണമുള്ള വാണിജ്യ വിഭാഗം കെട്ടിടത്തിന് 4.12-ഉം ഉൾപ്പടെ ആകെ 9 കാറുകൾ പാർക്ക് ചെയ്യുന്നതിന് 135 m2 സ്ഥലവും(പ്ലാനിൽ 5 കാർ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ) ടൂവീലർ പാർക്ക് ചെയ്യുന്നതിന് 25m2 സ്ഥലവും ഉൾപ്പടെ 160m2 സ്ഥലം പാർക്കിംഗിന് ആവശ്യമുണ്ട്. കൂടാതെ വാസഗൃഹ യൂണിറ്റുകൾ ഉള്ളതിനാൽ സന്ദർശകരുടെ വാഹനങ്ങൾക്കായി 15% അധികം സ്ഥലവും ഉണ്ടാകണം(ആകെ-180m2). കാറ്റഗറി 2 – പഞ്ചായത്തായതിനാൽ ആവശ്യമായതിന്റെ 75% ആയ 135m2 സ്ഥലം മതിയാകുന്നതാണ്. എന്നാൽ സ്ഥല പരിശോധനയിൽ കാർ പാർക്ക് ചെയ്യുന്നതിനായി കാണിച്ചിട്ടുള്ള സ്ഥലത്ത് മഹേന്ദ്ര ഷോറൂമിന്റെ ഓഫീസ് മുറികൾ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു. കെട്ടിടത്തിന്റെ നാലുവശത്തും കാർ പാർക്കിംഗിന് സൗകര്യമില്ല. സ്ഥലപരിശോധന നടത്തിയ ഓവർസിയർ ഇക്കാര്യം റിപ്പോർട്ട് ചെയ്തിട്ടുമില്ല.

4. പെർമിറ്റിനായി സമർപ്പിച്ച പ്ലാനോടൊപ്പം അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്നു സംബന്ധിച്ച് അപേക്ഷകന്റെയും പ്ലാൻ തയ്യാറാക്കിയ എഞ്ചിനീയറുടേയും സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല. 15 മീറ്ററിൽ കവിയാത്തതും 300 ച.മീ.-ൽ കൂടുതലും 1000 ച.മീ.-ൽ കുറവുമുള്ള കെട്ടിടങ്ങൾക്ക് ഫാറം O-ൽ അപേക്ഷകൻ സ്വയം സാക്ഷ്യപ്പെടുത്തേണ്ടതും ഉപചട്ടം 15-ൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ അനുവർത്തിക്കുന്നുണ്ടെന്ന സാക്ഷ്യപത്രം ആർക്കിടെക്റ്റ് അല്ലെങ്കിൽ എഞ്ചിനീയറിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 58(12)-ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്.

5. പാർശ്വാങ്കണത്തെ വീതി 1m, 1.20m എന്നിങ്ങനെയാണ് ഓവർസിയറുടെ റിപ്പോർട്ടിൽ കാണിച്ചിരിക്കുന്നത്. എന്നാൽ കെട്ടിടത്തിന്റെ ഇടഉവശത്തുകൂടി ഗ്രാമപഞ്ചായത്ത് റോഡ് കടന്നുപോകുന്നുണ്ട്. എന്നാൽ ഇക്കാര്യം പരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 27(3) പ്രകാരം ഗ്രാമപ്പഞ്ചായത്ത് റോഡിൽ നിന്നും 3 മീറ്റർ വിട്ടിട്ടേ കെട്ടിട നിർമ്മാണ അനുമതി നൽകാൻ പാടുള്ളൂ. പ്രസ്തുത ചട്ടം പാലിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ പെർമിറ്റ് അനുവദിച്ച സെക്രട്ടറി, സ്ഥല പരിശോധന നടത്തിയ ഓവർസിയർ, പെർമിറ്റ് നൽകുന്നതിന് ശുപാർശ ചെയ്ത അസിസ്റ്റന്റ് എൻജിനീയർ എന്നിവരുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ടി വിഷയത്തിൽ വകുപ്പ് തലത്തിൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-2 സ്വകാര്യ മൊബൈൽ ടവറുകളുടെ വിസ്തീർണ്ണം കണക്കാക്കിയതിലെ അപാകത - പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ വൻതുക വരുമാന നഷ്ടം

ഓമല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയത് സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ സ്വകാര്യ ടവറുകളുടെ വിസ്തീർണ്ണം വളരെ കുറവായി രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. ആയതിന്റെ നിജസ്ഥിതി പരിശോധിക്കുന്നതിന് എൽ.എസ്.ജി.ഡി. ഓവസിയറോടൊപ്പം മൂന്ന് സ്വകാര്യ മൊബൈൽ ടവറുകളിൽ ഭൗതിക പരിശോധന നടത്തുകയുണ്ടായി. ടവറുകളുടെ വസ്തു നികുതി കണക്കാക്കാൻ വേണ്ടി പഞ്ചായത്ത് അടിസ്ഥാനമാക്കിക്കൊണ്ടിരിക്കുന്ന വിസ്തീർണ്ണവും യഥാർത്ഥ വിസ്തീർണ്ണവും തമ്മിൽ വളരെ വലിയ അന്തരമുള്ളതായി പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | ടവറിന്റെ വിവരങ്ങൾ | പഞ്ചായത്ത് രേഖകൾ പ്രകാരമുള്ള വിസ്തീർണ്ണം (ച.മീ) | വസ്തു നികുതിയിന്മേലുള്ള ഇളവ്, വർദ്ധനവ് | ഈടാക്കിക്കൊണ്ടിരിക്കുന്ന വസ്തു നികുതി (500/ ച.മീ) | ഭൗതിക പരിശോധനയിൽ കണ്ടെത്തിയ വിസ്തീർണ്ണം (ച.മീ) | യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി | പഞ്ചായത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന വരുമാന നഷ്ടം | അനുബന്ധ കെട്ടിടങ്ങളുടെ വിസ്തീർണ്ണം |
|---|---|---|---|---|---|---|---|---|
| 1 | ഇൻഡസ് ടവേഴ്സ് 3/181A | 17 | വർദ്ധനവ്- 20% (വഴി സൗകര്യം) | 10710 | 29.11 | 18339 | 7629 | ജനറേറ്റർ റൂം- 3 x 2=6 ച.മീ. മോട്ടോർ റൂം 1 - 6x2.20=13.2ച.മീ. മോട്ടോർ റൂം 2 – 3x2.20=6.6ച.മീ. |
| 2 | ഇൻഡസ് ടവേഴ്സ് 10/270A | 14.85 | ഇളവ്- 20% (മേഖല), 10%(വഴി സൗകര്യം) 10%(കാലപ്പഴക്കം) | 4678 | 60.84 | 19165 | 14487 | ജനറേറ്റർ റൂം-3.5x2.5=8.75ച.മീ മോട്ടോർ റൂം.1– 2.50x1.50=3.75ച.മീ. മോട്ടോർ റൂം.2 – 1.80x1.40=2.52ച.മീ. മോട്ടോർ റൂം.3 – 4.50x3.60=16.2ച.മീ. |
| 3 | റിലയൻസ് ടവേഴ്സ് 3/406A | 16 | വർദ്ധനവ്- 20% (വഴി സൗകര്യം) | 10080 | 30.25 | 19058 | 8978 | ജനറേറ്റർ റൂം.1 - 3.20 x 1.5 =4.8 ച.മീ. ജനറേറ്റർ റൂം.2 – 2.40 x 1.25 =3 ച.മീ. മോട്ടോർ റൂം 1 – 3.80x2.95=11.21ച.മീ. |
| | ആകെ | | | 25468 | | 56562 | 31094 | |

പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള 5 സ്വകാര്യ മൊബൈൽ ടവറുകളിൽ 3 എണ്ണത്തിൽ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തിയപ്പോൾ,(പരിശോധനാ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്) ടവറുകളുടെ വസ്തുനികുതിയിനത്തിൽ മാത്രം 31094 രൂപ പ്രതിവർഷം പഞ്ചായത്തിന് നഷ്ടമാകുന്നതായി കണ്ടെത്തി. മറ്റ് ടവറുകളിൽ നിന്നുള്ളതും അനുബന്ധ കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതിയും കൂടി പരിഗണിക്കുമ്പോൾ നഷ്ടം വൻ തുകയായി ഉയരുന്നതാണ്. വർഷങ്ങളായി ഇത്തരത്തിൽ വരുമാന നഷ്ടം സംഭവിച്ചു കൊണ്ടിരിക്കുന്നു. മൊബൈൽ ടവറുകളിൽ കൃത്യമായ പരിശോധന നടത്തി, വിസ്തീർണ്ണം കണക്കാക്കി, വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കാത്തതു മൂലമാണ് പഞ്ചായത്തിന് ഇത്തരത്തിൽ ഭീമമായ നഷ്ടമുണ്ടാകാൻ ഇടയായത്. ആയത് സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തി കാരണക്കാരായവരിൽ നിന്നും നഷ്ടം ഈടാക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. എല്ലാ സ്വകാര്യ മൊബൈൽ ടവറുകളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും വിസ്തീർണ്ണം പുനർനിർണയിച്ച്, വസ്തുനികുതി കണക്കാക്കി, കുടിശ്ശിക സഹിതം ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-3 കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചു - പഞ്ചായത്തിന് വരുമാന നഷ്ടം

കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011, ചട്ടം-3(4) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നവെങ്കിൽ മാത്രം അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടഭാഗത്തിനും വസ്തു നികുതി ചുമത്തേണ്ടതുമാണ്. എന്നാൽ വാണിജ്യാവശ്യത്തിന മാത്രമായുള്ള 100ച.മീ.-ന മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടം ഭാഗങ്ങളായി തിരിച്ച് 100ച.മീ.-ൽ താഴെ വിസ്തീർണ്ണമുള്ളതാക്കി വസ്തു നികുതി നിർണയിച്ചതു മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

100ച.മീ. വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് 40രൂപയും അതേ ഗണത്തിൽപ്പെട്ട 100ച.മീ.-ന മുകളിൽ വിസ്തീർണ്ണമുള്ളവയുടേത് 60രൂപയുമായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

| ഉടമസ്ഥന്റെ വിവരങ്ങൾ | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള വർദ്ധനവ് | അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള ഇളവ് | കെട്ടിട നികുതി ഈടാക്കിയത് ലൈബ്രറി സെസ്സ് ഉൾപ്പെടെ (40/m2 നിരക്കിൽ) | കെട്ടിട നികുതി ഈടാക്കേണ്ടിയിരുന്നത് (60/m2 നിരക്കിൽ) | വരുമാന നഷ്ടം |
|---|---|---|---|---|---|---|---|
| വിൽസൺ മത്തായി & തോമസ്സ് മാത്യു<br>പൗവത്ത് പുത്തൻ വീട്, ഓമല്ലൂർ | 791/A | 54 | 5മീ. ൽ കൂടുതൽ വീതിയുള്ള റോഡ് 20% | - | 2722 | 4082 | 1360 |
| | 791/B | 49 | ” | - | 2470 | 3704 | 1234 |
| ആകെ | | | | | 5192 | 7786 | 2594 |

വസ്തു നികുതി നിർണയിച്ചതിലെ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/27.02.19), അപാകത ചൂണ്ടിക്കാണിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി പുന:നിർണ്ണയിച്ച് വിശദാംശങ്ങൾ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 100 ച.മീ.-ന മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ച എല്ലാ അസ്സസ്സ്മെന്റുകളും പരിശോധിക്കേണ്ടതും കെട്ടിടത്തിന്റെ മുഴുവൻ വിസ്തീർണ്ണത്തിന് ബാധകമായ നിരക്കിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച്, ഈടാക്കാൻ ബാക്കിയുള്ള തുകകൾ ഈടാക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 സാമ്പത്തിക വർഷം രണ്ടാം അർദ്ധവർഷ തൊഴിൽനികുതി ഈടാക്കുവാൻ അവശേഷിക്കുന്നു.

| ക്രമ നം. | പേര് വിവരം | നികുതി ഈടാക്കേണ്ട അർദ്ധവർഷം | അടക്കേണ്ട നികുതി |
|---|---|---|---|
| 1 | സുധാകരൻ.പി.പി, പോസ്റ്റ്മാൻ, പോസ്റ്റോഫീസ്, ഓമല്ലൂർ. | രണ്ടാം അർദ്ധവർഷം | 1250 |
| 2 | വി.മോഹനൻ, സംബന്ധി, തിരുവിതാംകൂർ ദേവസ്വം ബോർഡ്, ഓമല്ലൂർ | രണ്ടാം അർദ്ധവർഷം | 1250 |
| 3 | ഫസീല.വി.എച്ച്, വുമൺ സിവിൽ എക്സൈസ് ഓഫീസർ, എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക്ക് സ്പെഷ്യൽ സ്ക്വാഡ്, പത്തനംതിട്ട. | രണ്ടാം അർദ്ധവർഷം | 1250 |
| 4 | ജില്ലാ ആഫീസ്, ഭൂജല വകുപ്പ്.<br>1.അബ്ദുൾ അസീസ്, ഡ്രില്ലർ | രണ്ടാം അർദ്ധവർഷം | 1250<br>1250 |

| | | | |
|---|---|---|---|
| | 2.അനൂപ് എ.സി., ഡ്രില്ലിംഗ് അസിസ്റ്റന്റ് | രണ്ടാം അർദ്ധവർഷം | 1250 |
| | 3.പ്രശാന്ത് എൽ., ഡ്രില്ലിംഗ് അസിസ്റ്റന്റ് | രണ്ടാം അർദ്ധവർഷം | |

മേൽ ജീവനക്കാരിൽ നിന്നും ഈടാക്കുവാൻ അവശേഷിക്കുന്ന തൊഴിൽനികുതി പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കാൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 2-5 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഓഡിറ്റ് വർഷം സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല.

1. സർവ്വീസ് സഹകരണ ബാങ്ക്, ഓമല്ലൂർ - ഒന്നും രണ്ടും അർദ്ധവർഷങ്ങൾ
2. പത്തനംതിട്ട സഹകരണ ബാങ്ക്, ഓമല്ലൂർ - രണ്ടാം അർദ്ധവർഷം
3. പിന്നോക്ക വികസന കോർപ്പറേഷൻ, പത്തനംതിട്ട – ഒന്നാം അർദ്ധവർഷം

മേൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുവാൻ അവശേഷിക്കുന്ന സ്ഥാപന തൊഴിൽനികുതി പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കാൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 2-6 കോൺട്രാക്ടർമാർ തൊഴിൽനികുതി ഒടുക്കിയിട്ടില്ല

പഞ്ചായത്ത് പരിധിക്കുള്ളിൽ ജോലി ചെയ്യുന്ന താഴെപ്പറയുന്ന കോൺട്രാക്ടർമാർ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി ഒടുക്കിയിട്ടില്ല.

1. ജി.കൃഷ്ണൻ നായർ, മുഞ്ഞിനാട്ട് വീട്, ഓമല്ലൂർ
2. തുളസീദാസ് കെ, കാർത്തിക, ഓമല്ലൂർ
3. ബിജു ദാനിയൽ, അരീക്കത്തറയിൽ, വാഴമുട്ടം
4. പ്രസന്നകുമാരൻ നായർ പി, പുത്തൻപുരയിൽ, മഞ്ഞണിക്കര
5. പ്രസാദ് കെ വി, കണ്ണംതടത്തിൽ, പറയനാലി
6. ബിൻസു ഡാനിയൽ, പറമ്പേത്ത്, പന്ന്യാലി

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. ആയതിനാൽ മേൽപ്പറഞ്ഞ കോൺട്രാക്ടർമാരിൽ നിന്നും നിയമാനുസൃതം തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-7 എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഉടമകൾ സമർപ്പിച്ച ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | സ്ഥാപന ഉടമയുടെ വിവരം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | IV, 329A | വിലാസിനി വിജയൻ, പേരുവേലിൽ വീട്, പള്ളം, പറയനാലി | 4 |
| 2 | X11, 374B | സന്തോഷ് ജെ കുര്യൻ, ഷിബു ഭവൻ, ചീക്കനാൽ. | 3 |
| 3 | XIII, 29E | കമലാസനൻ വി കെ, വെളുത്തേടത്ത്, ആറ്ററികം | 2 |

| | | | |
|---|---|---|---|
| 4 | VII, 329A | അരുണൻ എൻ, കോറാട്ട് മഠം, ഓമല്ലൂർ | 3 |
| 5 | VII, 442A | ഷിനി കുമാരി, ബാലാജി ഭവൻ, അഴൂർ | 10 |
| 6 | VI, 406 | ചെറിയാൻ കെ എം, കൈത്തോൺ വീട്, കുമ്പഴ. | 5 |
| 7 | II, 48A | ഫിലിപ്പ് വി ജോൺ, മാനേജിംഗ് പാട്ണർ, വിളവിനാൽ എൻജിനീയറിംഗ് ഇൻഡസ്ട്രീസ്, ഓമല്ലൂർ | 9 |
| 8 | XIII,668,669, 670 | രമാ ബാബുരാജ്, പനക്കൽ വീട്, അമൃതം ഫുഡ് നിർമ്മാണം, | 5 |
| 9 | XIII, 459,460 | റാണി സജി സാം, തറയിൽ ഗാർഡൻസ്, ഓമല്ലൂർ | 12 |
| 10 | VII, 270A | സുനീർ കെ, കടവത്ത് ബി. പി, അങ്ങാടി, തിരൂർ | 10 |
| 11 | VII, 309 | വി ജെ പ്രമോദ് കുമാർ, വാഴപ്ളാവിൽ, പൈവള്ളി, ഓമല്ലൂർ | 5 |
| 12 | VI, 271 | തോമസ് മാത്യു, കിടങ്ങിൽ ഹൗസ്, പുത്തൻ പീടിക, ഓമല്ലൂർ | 6 |
| 13 | XI, 473 | റ്റോണി റാഫേൽ, പോരത്തൂർ ഹൗസ്, അയ്യപ്പൻകാവ് ഈസ്റ്റ്, എറണാകുളം | 6 |

തനത് വരുമാനം കുറവുള്ള പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കാനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്താത്തത് അധികാരികളുടെ പ്രത്യേകിച്ച് ധനകാര്യ സ്ഥിരം സമിതിയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ വിവരം ശേഖരിച്ച് നികുതി ചുമത്താവുന്ന എല്ലാ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 5 ലെ മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇത്തരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നതിലൂടെ നികുതി പരിധിയിൽ നിന്നും ആരും ഒഴിവായിട്ടില്ല എന്നും, ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവുണ്ടാകുന്നില്ലെന്നും ഉറപ്പു വരുത്താൻകഴിയും. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 2-8 അൺ എയ്ഡഡ് സ്കൂളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ തൊഴിൽനികുതി ഈടാക്കുന്നു

അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വേതനം നൽകാത്തതിലൂടെ പഞ്ചായത്തിലേക്ക് തൊഴിൽനികുതിയിനത്തിൽ ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവ് വന്നതായി കാണുന്നു. സെന്റ് മേരീസ് ഇ.എം.എൽ.പി സ്കൂൾ ഓമല്ലൂർ, സെന്റ് മഡോണ ഇന്റർ നാഷണൽ റെസിഡൻഷ്യൽ സ്കൂൾ ഓമല്ലൂർ, ആർഷ ഭാരത വിദ്യാലയം ഓമല്ലൂർ എന്നിവിടങ്ങളിലെ അദ്ധ്യാപകരുടെ ശമ്പളം വളരെ കുറവായാണ് സ്റ്റേറ്റ്മെന്റുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ നിജസ്ഥിതി പരിശോധിക്കപ്പെടേണ്ടതാണ്. മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സി.ബി.എസ്.ഇ-യുടെ മാർഗ്ഗനിർദ്ദേശം പാലിക്കാതിരിക്കുന്നതിനാൽ ഗ്രാമപ്പഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടാകുന്നു. മിക്ക അധ്യാപകരുടേയും തൊഴിൽ നികുതി 300രൂപയാണ്. സ്കൂൾ ജീവനക്കാർക്ക് നിയമാനുസൃതം ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതുമൂലമാണ് പഞ്ചായത്തിനും നികുതിയിനത്തിൽ നഷ്ടമുണ്ടാകുന്നത്.

അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് കേന്ദ്ര സർക്കാരോ അതത് സംസ്ഥാന സർക്കാരുകളോ നൽകിവരുന്ന ശമ്പളവും അലവൻസുകളുമാണ് അംഗീകൃത സി.ബി.എസ്.ഇ സ്കൂളുകളിലെ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്കും നൽകേണ്ടതെന്ന് സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷന്റെ അഫിലിയേഷൻ ബൈലോയിലെ രണ്ടാം അധ്യായത്തിലെ II-3.3(1)(c) ഉപചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥിരം അഫിലിയേഷൻ ലഭിച്ചിട്ടുള്ള സി.ബി.എസ്.ഇ. സ്കൂളുകളിൽ താത്കാലിക അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കരുതെന്നും അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് കൺസോളിഡേറ്റഡ് 'പേ' നൽകരുതെന്നും, നിർദ്ദിഷ്ട ശമ്പള സ്കെയിൽ അനവദിക്കണമെന്നും സ്ഥിരം അഫിലിയേഷൻ (ജനറൽ കണ്ടീഷൻസ്) ഉപചട്ടം II(c)(iii)(b) യിലും നിഷ്കർഷിച്ചിട്ടുണ്ട്. നിയമാനുസൃതം ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരെ ഏതാനും അൺ എയ്ഡഡ് സി.ബി.എസ്.ഇ. / ഐ.സി.എസ്.സി. സ്കൂളുകളിലെ

അദ്ധ്യാപകർ ബഹു:ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് ഹൈക്കോടതി ഈ വിഷയത്തിൽ 14.09.2012ൽ 1042/2012-ാം നമ്പരായി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് 10,000രൂപയും, സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് 15,000രൂപയും, സീനിയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് 20,000രൂപയും മിനിമം പ്രതിമാസ വേതനമായി നിശ്ചയിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ സ്കൂളുകളിലെ ജീവനക്കാരുടെ തൊഴിൽനികുതി സംബന്ധിച്ച അർദ്ധ വാർഷിക റിട്ടേണുകൾ പരിശോധിച്ചതിൽ, അദ്ധ്യാപകർക്ക് സി.ബി.എസ്.ഇ-യുടെ നിബന്ധനയോ ഹൈക്കോടതിയുടെ ഉത്തരവോ പ്രകാരമുള്ള ശമ്പളം നൽകുന്നില്ല എന്ന് വ്യക്തമാകുന്നു. ജീവനക്കാരുടെ തൊഴിൽനികുതി സ്വീകരിച്ച വേളയിൽ ഗ്രാമപ്പഞ്ചായത്ത് ഈ വിവരം സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയില്ല. വരുമാന സ്റ്റേറ്റ്മെന്റുകളിലെ വിവരങ്ങൾ ശരിയാണോയെന്ന് ഉറപ്പുവരുത്തേണ്ടതും ഈ വിവരം സ്കൂൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

## 2-9 ഡി&ഒ ലൈസൻസ് എടുക്കുന്നതിൽ ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല

2016-17 വർഷം 289 സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ 2017-18 വർഷം ആയത് 274 ആയി കുറയുകയാണുണ്ടായത്. കുറവു വന്ന പതിനഞ്ചു സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുക്കാതെയാണോ പ്രവർത്തിച്ചിരുന്നതെന്നു വ്യക്തമല്ല. തൻവർഷം ലൈസൻസ് എടുത്ത 274 സ്ഥാപനങ്ങളിൽ 19എണ്ണം മാത്രമാണ് ചട്ടപ്രകാരമുള്ള സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 31.03.17 ന് മുമ്പായി ലൈസൻസ് എടുത്തിട്ടുള്ളത് 52 സ്ഥാപനങ്ങൾ മാത്രമാണ്. ഇതിൽ നിന്നും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഭൂരിപക്ഷം സ്ഥാപനങ്ങളും 01.04.2017 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 2-10 കൃത്യമായ വരുമാനത്തിന്റെയടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കാത്തതിനാൽ വരുമാനനഷ്ടം

വാഹന വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പല വൻകിട സ്ഥാപനങ്ങളുടെയും ലൈസൻസ് അപേക്ഷകളിൽ വിറ്റുവരവ് സംബന്ധിച്ച വിവരം ചേർത്തിട്ടില്ല. കൂടാതെ ചില സ്ഥാപനങ്ങൾ വിറ്റുവരവ് കുറവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു ദിവസത്തെ വിറ്റുവരവിന്റെ കൃത്യത പരിശോധിക്കാതെ കുറഞ്ഞ നിരക്കിലുള്ള ഫീസ് ചുമത്തിയതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം, കെട്ടിട നം | സ്ഥാപനത്തിന്റെ വിവരം | അപേക്ഷയിൽ രേഖപ്പെടുത്തിയ ഒരു ദിവസത്തെ വിറ്റുവരവ് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | XI, 471 | പി.പൊന്നൻ പിള്ള, പുഷ്പ നിവാസ്, ഓമല്ലൂർ (ഹോളോ ബ്രിക്സ് നിർമ്മാണം) | 650 | 300 |
| 2 | I, 4 | ഷാജി.കെ.ബേബി, കൊട്ടാരത്തിൽ ഹൗസ്, ഓമല്ലൂർ (കാറ്ററിംഗ് സർവ്വീസ്) | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 200 |
| 3 | XIII, 606 | ബിജു സക്കറിയ, പവ്വത്ത് സൺവേ ഭവൻ (ഇരുമ്പു വ്യാപാരം) | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 100 |
| 4 | XIII, 486 | സാറാമ്മ ജോസ്, കോട്ടുപിള്ളേത്ത് ഹൗസ്, ഓമല്ലൂർ.<br><br>(ഇലക്ട്രിക്കൽ പ്ളംബിംഗ് സാധനങ്ങളുടെ വിൽപ്പന) | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 300 |
| 5 | V, 41B | കെ.എം.ടൈറ്റസ്, പട്ടേരിൽ ഹൗസ്, ഓമല്ലൂർ (ഫുട്ട് വെയർ വിൽപ്പന) | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 200 |

| | | | | |
|---|---|---|---|---|
| 6 | I, 93A | പ്രിൻസ് വർഗ്ഗീസ്, വെട്ടത്തേത്ത് പ്രിൻസ് ഭവൻ, ഓമല്ലൂർ (കാറ്ററിംഗ് സർവ്വീസ്) | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 100 |
| 7 | I, 317 | കുഞ്ഞുമോൻ ജോൺ, കൊട്ടാരത്തിൽ വീട്, ഓമല്ലൂർ (വെൽഡിംഗ് വർക്ക് ഷോപ്പ്) | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 200 |
| 8 | XIII, 773 | കെ.കെ.യോഹന്നാൻ, ചേരിയത്ത് പടിഞ്ഞാറ്റേതിൽ, ഓമല്ലൂർ (മിൽമാ ഉൽപ്പന്നങ്ങൾ വിൽപ്പന) | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 100 |
| 9 | VII, 252 | എം.എസ്.ഓമനക്കുട്ടൻ, സുജിത് ഭവൻ, ഓമല്ലൂർ (വെൽഡിംഗ് വർക്ക് ഷോപ്പ്) | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 100 |
| 10 | XIV, 436 | ശ്രീകല.ബി, അരുൺ നിവാസ്, ഓമല്ലൂർ (ടൈൽസ് വിൽപ്പന) | 1500 | 500 |
| 11 | XIII, 791B | സിബി മാത്യൂ, നിരവത്ത്, ഓമല്ലൂർ (കംപ്യൂട്ടർ സെയിൽസ് ആൻഡ് സർവ്വീസ്) | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 200 |
| 12 | VII,522 | കെ.ജി.ദിലീപ് കുമാർ, കൊച്ചു ചേരിയത്ത് (സ്റ്റേഷനറി വ്യാപാരം) | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 100 |
| 13 | I, 172B | സുകു ജോൺ, കല്ലുമുറിയിൽ പുത്തൻ വീട്, ഓമല്ലൂർ | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 500 |
| 14 | ഷോപ്പിഗ്കോംപ്ലക്സ്, സ്റ്റാൾ നം. 9 | കെ.ജി.വിജയൻ, കല്ലിപ്പുവത്ത്, ഓമല്ലൂർ (ഇറച്ചി വ്യാപാരം) | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 100 |
| 15 | XIII, 759 | ജോയിസ് ജോൺസൺ, കട്ടപ്പുറത്ത് ഹൗസ്, ഓമല്ലൂർ (വാഹന വിൽപ്പന) | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 500 |
| 16 | XIII, 462 | അനിയൻ.പി.വർഗ്ഗീസ്, മണ്ണിൽ ഹൗസ്,ഓമല്ലൂർ (ഹാർഡ് വെയർ, ബിൽഡിംഗ് മെറ്റീരിയൽ വിൽപ്പന) | 1000 | 100 |
| 17 | XI, 468 | രാജി ഫിലിപ്പ്, വിളവിനാൽ, പന്യാലി (അലൂമിനിയം ഷീറ്റ്, ഷട്ടർ, ഇരുമ്പ് വ്യാപാരം) | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 300 |
| 18 | III, 110 | ജയിംസ് ജോർജ്ജ്, താഴെപ്പീടികയിൽ, ചീക്കനാൽ (ഇലക്ട്രിക്കൽ പ്ളംബിംഗ് സാധനങ്ങളുടെ | 1500 | 200 |

| | | | | |
|---|---|---|---|---|
| | | വിൽപ്പന) | | |
| 19 | XIII, 795A | സുരേഷ് കുമാർ, ആറാട്ട് വീട്, മഞ്ഞനിക്കര (മേച്ചിൽ ഓട് വിൽപ്പന) | 1800 | 100 |
| 20 | V, 386A | സാറാമ്മ ഏബ്രഹാം, പണിക്കരു വീട്, താഴത്ത് വടകര, കോട്ടയം (വീട്ടുപകരണങ്ങളുടെ മൊത്ത വിതരണം) | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 100 |
| 21 | VI,317 | അരുണൻ വി, ഗീതം, ആദിനാട് തെക്ക്, ഓമല്ലൂർ (കാർ, ബൈക്ക് അക്സസറീസ് വിൽപ്പന) | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 100 |
| 22 | XIII,29E | കമലാസനൻ. വി.കെ, വെളുത്തേടത്ത്, ആറ്റരികം | 600 | 200 |
| 23 | VII,329 | അരുണൻ.എൻ, കോറാട്ട് മഠം, ഓമല്ലൂർ | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 300 |
| 24 | VII,442A | ഷിനി കുമാരി, ബാലാജി ഭവൻ, അഴൂർ | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 2000 |
| 25 | VI,406 | ചെറിയാൻ കെ എം, കൈത്തോൺ വീട്, കുമ്പഴ. | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 500 |
| 26 | II, 48 A | ഫിലിപ്പ് വി ജോൺ, മാനേജിംഗ് പാട്ണർ, വിളവിനാൽ എൻജിനീയറിംഗ് ഇൻഡസ്ട്രീസ്, ഓമല്ലൂർ | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 500 |
| 27 | XIII,549 | അനീഷ് ബി, പാലേതിൽ, കോഴിക്കോട് (ടൈൽസ്, ഗ്രാനൈറ്റ്സ് വിൽപ്പന) | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 500 |
| 28 | VII, 270A | സുനീർ കെ, കടവത്ത് ബി. പി, അങ്ങാടി, തിരൂർ | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 300 |

1996 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7-ൽ ഏതൊരു ലൈസൻസിനും II- ാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത തുക ഗ്രാമപ്പഞ്ചായത്തിന് ചുമത്താവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. പട്ടിക II-ൽ ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചുമത്താവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. ഇതു പ്രകാരം ഒരു വർഷം 4000 രൂപ വരെ വ്യാപാരികളിൽ നിന്നും ഈടാക്കാമെന്നിരിക്കെ കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കിയത് ശരിയായ നടപടിയല്ല. ഡി&ഒ ലൈസൻസിനുള്ള അപേക്ഷകളിൽ പൂർണ്ണമായ വിവരങ്ങൾ ചേർത്തിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്താത്തതിനാലാണ് ആയത് സംഭവിച്ചത്. ലൈസൻസ് അപേക്ഷകളിലെ വിവരങ്ങളുടെ കൃത്യത പരിശോധിച്ച് ലൈസൻസ് ഫീസിനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നില്ല എന്ന് ബന്ധപ്പെട്ട സെക്ഷനും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരും ഉറപ്പു വരുത്തേണ്ടതാണ്.

## 2-11 മൊബൈൽ ടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർഫീസ് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള 10 മൊബൈൽ ടവറുകളോട് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർ ഫീസ് ഈടാക്കുന്നില്ല. ജനറേറ്ററുകളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ മോട്ടോർ ഫീസ് കണക്കാക്കി, മൊബൈൽ ടവർ ഉടമകളിൽ നിന്നും ഈടാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 2-12 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. റേഷൻ കടകളെ ഡി & ഓ ലൈസൻസ്, തൊഴിൽ നികുതി എന്നിവയിൽ നിന്ന് ഒഴിവാക്കിയിട്ടില്ല എന്ന് സിവിൽ സപ്ലൈസ് ഡയറക്ടറുടെ (സി.എസ്) എ-9/764/2019/തീയതി 22-01-19-നമ്പർ കത്ത് പ്രകാരം ജില്ലാ ഓഫീസർമാർക്ക് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in-ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 13റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ടി റേഷൻ കടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-13 പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം ചട്ടം നിലവിൽ വന്ന് ആറ് മാസത്തിനകം ഗ്രാമപ്പഞ്ചായത്ത് ടി ചട്ടം സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരീബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തിയിട്ടുണ്ട്. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരീബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരിൽ നിന്നും പിഴ ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന് ഇതിന് ഫീസ് നിശ്ചയിക്കാവുന്നതും, ഇതിനായി ഒരു ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതുമാണ്. ഗ്രാമപ്പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുമുണ്ട്. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി.സി)വകുപ്പിന്റെ 24.09.2016-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം മാലിന്യ നിർമ്മാർജന ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പഞ്ചായത്ത് കമ്മറ്റിയുടെ 21-05-18-ലെ 7(1)-ാം നമ്പർ തീരുമാനപ്രകാരം പ്ലാസ്റ്റിക് നിരോധന കരട് ബൈലോ പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിക്കുകയും, കരട് ബൈലോ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട് എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/18-2-2019) മറുപടിയായി സെക്രട്ടറി അറിയിച്ചു. എന്നാൽ ഇതിന്മേൽ ഗ്രാമപ്പഞ്ചായത്ത് തുടർനടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി പരിതാപകരം

തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതി ആശാവഹമല്ല. നികുതി/നികുതിയേതര വരവുകൾ, എസ്റ്റാബ്ലിഷ്മെന്റ്/അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ നടത്തുന്നതിന് തനത് വരുമാനം പര്യാപ്തമല്ല. തൻവർഷത്തെ നികുതി/നികുതിയിതര വരവ് 65.46 ലക്ഷം രൂപയും എസ്റ്റാബ്ലിഷ് മെന്റ്/അഡ്മിനിസ്ട്രേറ്റീവ്/ഓപ്പറേഷൻസ് & മെയിന്റനൻസ് ഇനങ്ങളിലുള്ള ചെലവ് 1.28 കോടി രൂപയുമാണ്.

ഗ്രാമപഞ്ചായത്തിന് തൻവർഷം പൊതു ആവശ്യ ഗ്രാന്റായി 6380000 രൂപ ലഭിക്കുകയുണ്ടായി. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ട മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത്.

ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ തനത് വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.(Income & Expenditure Statement പ്രകാരമുള്ളത്). കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 62.61ലക്ഷം രൂപയാണ്.

| വരവ് | രൂ. | ചെലവ് | രൂ. |
|---|---|---|---|
| നികുതി വരുമാനം | 4595708 | എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ | 9738293 |
| നികുതിയേതരം | 1950859 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 901140 |
| പലിശ | 50172 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 2226596 |
| മറ്റു വരുമാനം | 10860 | ബാങ്ക് ചാർജ്ജസ് | 2750 |
| ആകെ | 6607599 | ആകെ | 12868779 |
| | | കമ്മി | 6261180 |

31.3.18-ലെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് 3545369 രൂപ മാത്രമാണ്. ഇതിൽ ശുചിത്വ മിഷനിൽ നിന്നും ഒ.ഡി എഫ് റീഫണ്ട് ഉൾപ്പടെയുള്ള ഇനങ്ങളിൽ ലഭിച്ച 1207352, ഐ.സി.ഡി.എസ് സെൻട്രൽ ഷെയർ ഇനത്തിൽ ലഭിച്ച 400234 രൂപ, ഉന്മൂർമൂഴി മാതൃക

പദ്ധതിയ്ക്കായി ശുചിത്വമിഷനിൽ നിന്നും ലഭിച്ച 453600 രൂപ, നിർമ്മൽ പുരസ്കാർ ഇനത്തിൽ ലഭിച്ച തുകയിൽ ചെലവഴിക്കാതെ ശേഷിക്കുന്ന 191693 രൂപ എന്നിവ ഉൾപ്പെടുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്വങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനസൃതമായി വരുമാന വർദ്ധനവ് ഉണ്ടാകാത്ത സാഹചര്യമാണ് ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നത്.

ജല വിതരണം, തെരുവ് വിളക്കുകളുടെ പരിപാലനം, ശുചിത്വ പരിപാലനം എന്നിങ്ങനെ ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങൾക്കനുസരിച്ച് വസ്തു നികുതിയിൻമേൽ കുറഞ്ഞത് 5% സേവന നികുതി ഈടാക്കുവാൻ വസ്തു നികുതി പരിഷ്കരണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് സേവന നികുതി ഈടാക്കുന്നില്ല. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചുകൊണ്ട് വൈദ്യുത ചാർജ് ഗണ്യമായി കുറയ്ക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചു. എന്നാൽ 1069691രൂപയാണ് സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർചാർജ് ഇനത്തിൽ 2017-18 വർഷം ഗ്രാമപഞ്ചായത്തിന് നൽകേണ്ടി വന്നത്. ഈ സാഹചര്യത്തിൽ, സാധ്യമായ എല്ലാ വരവുകളും പൂർണ്ണമായി പിരിച്ചെടുക്കേണ്ടതാണ്. ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി, സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തേണ്ടതും ഗാർഹിക കണക്ഷൻ എടുക്കുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കേണ്ടതുമാണ്.

## 3-2 പൊതു ടാപ്പുകളുടെ വെള്ളക്കരം -പഞ്ചായത്തിന് പ്രതിവർഷ ബാദ്ധ്യത 10.69ലക്ഷം രൂപ

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു ആവർത്തന ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. 31/10/2007 വരെ 195 ടാപ്പുകളുടേയും 1/11/2007 മുതൽ 216 ടാപ്പുകളുടേയും വെള്ളക്കരം ഇനത്തിൽ 1069691രൂപയാണ് 2017-18വർഷം ഒടുക്കിയത്. വൻതുക പ്രതിവർഷം ചെലവഴിക്കുന്നുണ്ടെങ്കിലും ആയതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് ഒരു തലത്തിലും പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നില്ല. സംയുക്തപരിശോധന നടത്തി ജലലഭ്യതയുള്ള വാട്ടർ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല.

പൊതുടാപ്പുകളുള്ള കുടിവെള്ള പദ്ധതികളെക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) 80/2017/തസ്വഭവ തീയതി 30.04.2017 ഖണ്ഡിക 8.5കുറിപ്പ് 2 പ്രകാരം പൊതുടാപ്പുകൾ സ്ഥാപിക്കാൻ പാടില്ലാത്തതും പകരം ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും, ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗാർഹിക കണക്ഷന് പ്രധാന്യം നൽകി, പഞ്ചായത്തിന്റെ തനത് വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കി പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറച്ചുകൊണ്ടുവരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് അനുഗുണമായിരിക്കും.

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ക്രിയാത്മക നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് അധിക സെന്റേജ് ചാർജ് ഈടാക്കുന്നു

കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജും 2.5% എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് 12.5% സെന്റേജ് ചാർജ്ജ് ഈടാക്കുന്നുണ്ട്. 2012-ലെ പരിഷ്കരിച്ച പി.ഡബ്ല്യു.ഡി. മാനുവൽ അനുസരിച്ച് ഡെപ്പോസിറ്റ് വർക്കുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാൻ എൽ.എസ്.ജി-കൾ 2.5% സെന്റേജ് ചാർജ് പി.ഡബ്ല്യു.ഡിയിൽ അടയ്ക്കേണ്ടതില്ല. പി.ഡബ്ല്യു.ഡി. മാനുവൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമായതിനാൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് 2.5% സെന്റേജ് ചാർജ്ജ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുവാൻ പാടില്ലായെന്ന് 16.04.2018-ലെ സ.ഉ.(സാധാ) നം.1069/18 ത.സ്വ.ഭ.വ.- നമ്പർ ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റിന്റെ 10% മാത്രം സൂപ്പർ വിഷൻ ചാർജ് ഇനത്തിൽ ഈടാക്കിയാൽ മതിയാകും. സർക്കാർ ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷവും വാട്ടർ അതോറിറ്റി 12.5%-ൽ അധികം തുക സെന്റേജ് ചാർജ് ഇനത്തിൽ ഈടാക്കുന്നുണ്ട്. 2017-18 വർഷം വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 1982312രൂപയുടെ വിനിയോഗ സാക്ഷ്യപത്രം 24/5/18-ൽ ലഭ്യമാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, വാർഷിക പദ്ധതി | ഡെപ്പോസിറ്റ് തുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരമുള്ള ചെലവിന്റെ വിശദാംശം | | | | |
|---|---|---|---|---|---|---|---|
| | | | ലേബർ ചാർജ് | മെറ്റീരിയൽ കോസ്റ്റ് | സെന്റേജ് ചാർജ് | ആകെ ചെലവ് | ബാക്കി തുക |
| 1 | പതിനാല് വാർഡുകളിലും പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, എസ്. 0081/18 | 1400000 | 506204 | 579552 | 155555 | 1241311 | 158689 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | എസ്.സി.പി ഫണ്ട് ഉപയോഗിച്ചുള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ | 582312 | 318400 | 175718 | 64701 | 558819 | 23493 |

വിനിയോഗ സാക്ഷ്യപത്രം പരിശോധിച്ചതിൽ, വാട്ടർ അതോറിറ്റി അധിക നിരക്കിൽ സെന്റേജ് ചാർജ് ഈടാക്കുന്നുണ്ടെന്ന് വ്യക്തമായി. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ലേബർ ചാർജ് + മെറ്റീരിയൽ ചാർജ് (M) | ഈടാക്കിയ സെന്റേജ് ചാർജ് | ഈടാക്കേണ്ടിയിരുന്നത് (M x10%) | അധികം ഈടാക്കിയത് |
|---|---|---|---|---|
| പതിനാല് വാർഡുകളിലും പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, (എസ്. 0081/18) | 1085756 | 155555 (Mx14.33%) | 108576 | 46979 |
| എസ്.സി.പി ഫണ്ട് ഉപയോഗിച്ചുള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ | 494118 | 64701 (Mx13.1%) | 49412 | 15289 |
| ആകെ | | | | 62268 |

സെന്റേജ് ചാർജ് ഇനത്തിൽ 62268രൂപ വാട്ടർ അതോറിറ്റി അധികം ഈടാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(20/27.2.19) നൽകിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പളക്കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ. (പി)നം.7/2016/ഫിൻ/തീയതി 20.01.2016 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 1, 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തു. എന്നാൽ ശമ്പളപരിഷ്കരണ ഉത്തരവ് ഖണ്ഡിക48 പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും അടിസ്ഥാന ശമ്പളകുടിശ്ശികയുടെ അടിസ്ഥാനത്തിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ സർക്കുലർ അനുസരിച്ച് 31.01.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | തസ്തിക |
|---|---|---|
| 1. | ശ്രീ.രാരാരാജ് | സെക്രട്ടറി |
| 2. | ശ്രീ.സി.കെ.രാധാകൃഷ്ണൻ | അസിസ്റ്റന്റ് സെക്രട്ടറി |
| 3. | ശ്രീ.റ്റി.ആനന്ദൻ | ഹെഡ്ക്ലാർക്ക് |
| 4. | ശ്രീ.സനൽ കുമാർ | ഹെഡ്ക്ലാർക്ക് |
| 5. | ശ്രീ.കെ.സുകു | അക്കൗണ്ടന്റ് |
| 6. | ശ്രീമതി.അഞ്ജു എം.പി. | സീനിയർ ക്ലാർക്ക് |

| | | |
|---|---|---|
| 7. | ശ്രീമതി ഗിരിജ ജെ. | സീനിയർ ക്ലാർക്ക് |
| 8. | ശ്രീമതി ബിന്ദു | സീനിയർ ക്ലാർക്ക് |
| 9. | ശ്രീമതി പ്രസന്ന കുമാരി | ക്ലാർക്ക് |
| 10. | ശ്രീമതി സി. പി. ലളിത | ഓഫീസ് അറ്റൻഡന്റ് |
| 11. | ശ്രീമതി ബീവി അമ്മാൾ | എഫ്.റ്റി.എസ്. |

ജി.ഒ(എം.എസ്) 205/90/എൽ.എ.ഡി/3.12.90, തദ്ദേശ ഭരണ വകുപ്പിന്റെ 26/6/08ലെ 54/40/EPI-2/07/ത.സ്വ.ഭ.വ നം. സർക്കുലർ- എന്നിവ പ്രകാരം എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കേണ്ടതും, അപ്രകാരം ഒടുക്കാതിരിക്കുന്നതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടത്തിന് സെക്രട്ടറി ഉത്തരവാദിയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ടി ജീവനക്കാർക്ക് അനുവദിച്ച അടിസ്ഥാന ശമ്പളക്കുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-5 പാർട്ട് ടൈം ലൈബ്രേറിയന്റെ പെൻഷൻ കോൺട്രിബ്യൂഷൻ തുക നാളിതുവരെ ഒടുക്കിയില്ല

ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ലൈബ്രേറിയൻ ആയി ജോലി നോക്കുന്ന ശ്രീമതി കെ.കെ.സുമതിയുടെ അടിസ്ഥാന ശമ്പളത്തിന്റെ 15%-ന് തുല്യമായ തുക പ്രതിമാസം പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കേണ്ടിയിരുന്നു. എന്നാൽ നാളിതുവരെ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല. 09/06/11മുതൽ ടിയാൾ പാർട്ട് ടൈം ലൈബ്രേറിയൻ തസ്തികയിൽ ജോലി നോക്കുന്നു. തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 26/6/2008-ലെ 541140/ഇ.പി.എ-2/07/ത.സ്വ.ഭ.വ- നമ്പർ സർക്കുലറിൽ പഞ്ചായത്ത് കോമൺ സർവ്വീസിലെ പാർട്ട് ടൈം കണ്ടീജന്റ് ജീവനക്കാർ ഉൾപ്പടെയുള്ള ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ കൃത്യമായി ഒടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നതിലും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ഉണ്ടായ വീഴ്ച മൂലം ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുമെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 17/11/03-ലെ എഫ്3/26572/03 നമ്പർ സർക്കുലറിലും വ്യക്തമാക്കിയിരുന്നു. 09/6/11ൽ സേവനത്തിൽ പ്രവേശിച്ച ടിയാളുടെ പെൻഷൻ കോൺട്രിബ്യൂഷൻ നാളിതുവരെ ഒടുക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ 12/23.2.19 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക്, പെൻഷൻ കോൺട്രിബ്യൂഷൻ തുക അടിയന്തിരമായി ഒടുക്കുമെന്നറിയിച്ച് മറുപടി നൽകിയിട്ടുണ്ട്. നാളിതുവരെയുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക കണക്കാക്കി ട്രഷറിയിൽ ഒടുക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-6 ODF പ്രോഗ്രാം- 11.57 ലക്ഷം രൂപ നിഷ്ക്രീയമായി കിടക്കുന്നു

സംസ്ഥാനത്തെ പൂർണ്ണമായും ODF(Open defication free) ആയി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് കക്കൂസ് നിർമ്മാണം പൂർത്തിയാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ വികസന ഫണ്ടിൽ നിന്നും അധിക തുക വകയിരുത്തി പ്രോജക്ട് നിർവ്വഹണം നടത്തുന്നതിനും പിന്നീട് സർക്കാരിൽ നിന്നും ഫണ്ട് പഞ്ചായത്തുകൾക്ക് റീ ഇംബേഴ്സ്മെന്റ് ചെയ്ത് നൽകുന്നതിനും സ.ഉ(സാധാ)2537/16/ത.സ്വ.ഭ.വതീയതി 27/08/16 പ്രകാരം അനുമതി നൽകിയിരുന്നു. തിരികെ ലഭിക്കുന്ന ഫണ്ട് വികസന ഫണ്ട് വകയിരുത്തി ചെയ്യേണ്ട പ്രോജക്ടുകൾക്കായി വിനിയോഗിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് ശുചിത്വമിഷന് നൽകിയ 1157540 രൂപ തിരികെ ലഭിച്ചത് തനത് ഫണ്ട് നിക്ഷേപിക്കുന്ന ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വികസന ഫണ്ട് ഫണ്ട് ചെലവഴിച്ചതിന് പകരമായി ലഭിച്ച ഫണ്ടുപയോഗിച്ച് ആ മേഖലയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 എൻ.ആർ.എച്ച്.എം. ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 7/4/17-ലെ ജി.ഒ(പി)1099/17/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം എൻ.ആർ.എച്ച്.എം. പ്രോജക്ട് പ്രകാരം ആരംഭിച്ച ഡിസ്പെൻസറികളിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന കാഷ്വൽ സ്വീപ്പർക്ക് മാസവേതനം 6000 രൂപ എൻ.ആർ.എച്ച്.എം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ എൻ.ആർ.എച്ച്.എം ഹോമിയോ ഹോസ്പിറ്റലിൽ 10/2014 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന കാഷ്വൽ സ്വീപ്പർ ശ്രീമതി പൊടിയമ്മയ്ക്ക് ദിവസ വേതനം 200 രൂപ വീതം നൽകി വരുന്നു. തനത് ഫണ്ടിൽ നിന്നും വേതനം നൽകുന്നുവെങ്കിലും ചെലവ് തുക എൻ.ആർ.എച്ച്.എം-ൽ നിന്നും നാളിതുവരെ തിരികെ വാങ്ങിയിട്ടില്ല. തനതുഫണ്ടിന്റെ അഭാവം നാഷണൽ റൂറൽ ഹെൽത്ത് മിഷനെ അറിയിക്കേണ്ടതും ഈ ഇനത്തിൽ നാളിതുവരെ ചെലവഴിച്ച തുക തിരികെ ലഭ്യമാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-8 മഴക്കാലപൂർവ്വ ശുചീകരണ ക്യാംപെയിൻ- സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല

മഴക്കാലപൂർവ്വ ശുചീകരണ ക്യാംപെയിൻ 2017-ന്റെ ഭാഗമായി ശുചിത്വമിഷൻ വിഹിതമായി വാർഡ് ഒന്നിന് 9285 രൂപ ക്രമത്തിലും ഗ്രാമപഞ്ചായത്ത് വിഹിതമായി വാർഡ് ഒന്നിന് 5000 രൂപ ക്രമത്തിലും ആകെ 2ലക്ഷം രൂപ പി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് നൽകിയിരുന്നു(21700223/24.6.17). എന്നാൽ ചെലവ് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിരുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വാർഡ് സാനിട്ടേഷൻ സമിതി കൺവീനർമാർ ചെലവ് രേഖകൾ ഹാജരാക്കുകയുണ്ടായി. രേഖകൾ പരിശോധിച്ചതിൽ X-ാം വാർഡിലെ വാർഡിലെ സാനിട്ടേഷൻ സമിതിയ്ക്ക് നൽകിയ 14280 രൂപയിൽ 9000

രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ബാക്കിയുള്ള തുക 2019-ലെ പ്രീ-മൺസൂൺ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകേണ്ടതും ആയതനുസരിച്ച് ഗ്രാമപഞ്ചായത്ത് വിഹിതം നൽകുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. പ്രീ-മൺസൂൺ പ്രവർത്തനങ്ങൾക്കാണ് തുക അനുവദിച്ചതെങ്കിലും ജൂലൈ മാസത്തിൽ തുക ചെലവഴിച്ചതിന്റെ രേഖകളാണ് വാർഡ് സാനിട്ടഷൻ സമിതി കൺവീനർമാർ ഹാജരാക്കിയത്. മാത്രമല്ല മിക്ക ചെലവ് വൗച്ചറുകളും വാർഡ് സാനിട്ടേഷൻ സമിതി ചെയർമാൻ ആയ വാർഡ് മെമ്പർ ഒപ്പിട്ട് ആധികാരികമാക്കിയിട്ടുമില്ല.

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി തദ്ദേശഭരണ വകുപ്പ് പുറപ്പെടുവിച്ച 16/3/17-ലെ 127/17/ത.സ്വ.ഭ.വ ഉത്തരവ് അനുസരിച്ച് വാർഡ് തല മഴക്കാലപൂർവ്വ ക്യാംപെയിനുകളും ശുചീകരണ പ്രവർത്തനങ്ങളും കൃത്യമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുണ്ട്. ചെലവ് സംബന്ധിച്ച വൗച്ചറുകൾ ക്യാംപെയിൻ കഴിഞ്ഞ് ഒരാഴ്ചക്കകം ബന്ധപ്പെട്ട വാർഡ് സമിതികളിൽനിന്നും ശേഖരിക്കേണ്ടതും ഒറിജിനൽ വൗച്ചർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. കമ്മിറ്റിയുടെ അംഗീകാരത്തോടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകേണ്ടതുണ്ട്. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് മെയ്മാസത്തിൽ തന്നെ നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും സർക്കാർ നിർദ്ദേശിച്ച രീതിയിൽ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 3-9 എ.ബി.സി പ്രോഗ്രാം - വിനിയോഗ രേഖകളില്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| ചെലവഴിച്ച തുക | 105000 |
| ചെക്ക് നം. & തീയതി | 115023തീ.04/08/17 |

തെരുവുനായ നിയന്ത്രണത്തിനായി എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തെരുവുനായയെ വന്ധ്യം കരിക്കുന്നതിന് തീറ്റ, ട്രാൻസ്പോർട്ടേഷൻ ചാർജുകൾ ഉൾപ്പെടെയുള്ള ചെലവുകൾക്കായി ഒരു നായയ്ക്ക് 2100 രൂപ നിരക്കിൽ കുടുംബശ്രീ മിഷന് കൈമാറുന്നതിന് 05.05.2017-ലെ സ.ഉ.(സാധാ.)1450/17/ത.സ്വ.ഭവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വികസനഫണ്ടിൽ നിന്നും കുടുംബശ്രീ മിഷൻ കോ ഓഡിനേറ്ററുടെ അക്കൗണ്ടിലേക്ക് 105000 രൂപ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. കുടുംബശ്രീയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ഫയലിനോടൊപ്പം ഹാജരാക്കിയട്ടില്ല. തെരുവ് നായ് വന്ധ്യംകരണം പദ്ധതിയ്ക്കായി 2015-16 വർഷം 70000 രൂപ പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയെങ്കിലും പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച് യാതൊരു രേഖയും പഞ്ചായത്തിൽ ലഭ്യമല്ല. പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും കുടുംബശ്രീ മിഷനിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ലെങ്കിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതുമാണ്. വിനിയോഗരേഖകളുടെ അഭാവത്തിൽ 2017-18 വർഷത്തെ പ്രോജക്ടിന്റെ 105000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ഡെപ്പോസിറ്റ് പ്രവൃത്തികൾ - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിന് തുക ചെലവഴിച്ചു

പൊതുടാപ്പുകളുള്ള കുടിവെള്ള പദ്ധതികളെക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) 80/2017/തസ്വഭവ തീയതി 30.04.2017 ഖണ്ഡിക 8.5കറിപ്പ് 2 പ്രകാരം പൊതുടാപ്പുകൾ നൽകാൻ പാടില്ലാത്തതും പകരം ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പൊതുടാപ്പുകൾ ഉൾപ്പെടുന്ന പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കാണ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ചിരിക്കുന്നത്.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, നമ്പർ | വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക | പ്രോജക്ട് പ്രകാരം സ്ഥാപിച്ച പൊതുടാപ്പുകളുടെ എണ്ണം | എസ്റ്റിമേറ്റ് പ്രകാരം പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് |
|---|---|---|---|---|
| 1 | പതിനാല് വാർഡുകളിലും പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, എസ്. 0081/18 | 1400000 | 13 | 13x3260= 42380 |
| 2 | എസ്.സി.പി ഫണ്ട് ഉപയോഗിച്ചുള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ- | 582312 | 10 | 10x3260= 32600 |

| | | | | |
|---|---|---|---|---|
| | 49/18, 54/18, 71/18, 79/18, 80/18 | | | |
| ആകെ ചെലവ് | | | | 74980 |

ഗാർഹിക കടിവെള്ള കണക്ഷൻ നൽകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുമില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പൊതുടാപ്പുകൾ നൽകുന്നതിന് തുക ചെലവഴിച്ചത് തുടർനടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-11 ഓമല്ലൂർ വയൽ വാണിഭം- മിച്ച ഫണ്ടില്ലാതെ അസാധാരണ ചെലവ് നടത്തി

തിരുവിതാംകൂറിലെ ഏറ്റവും വലിയ കാർഷിക വ്യാപാരമേളയായ ഓമല്ലൂർ വയൽ വാണിഭം ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഇപ്പോഴും നടത്തിവരുന്നുണ്ട്. 2017-18 വർഷം തനത് ഫണ്ടിൽ നിന്നും 1 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുകയും (S.58/18) 90000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾക്കനുസരിച്ച് മാത്രമേ ഗ്രാമപഞ്ചായത്തുകൾ ഇത്തരം കാര്യങ്ങൾക്ക് ചെലവ് ചെയ്യാൻ പാടുള്ളൂ. ചട്ടപ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് മുൻവർഷത്തെ മിച്ച ഫണ്ടിന്റെ 20% വരേയും എന്നാൽ 1ലക്ഷം രൂപയിൽ കവിയാതെയും അസാധാരണ ചെലവുകൾക്ക് പരിധി നിശ്ചയിച്ചിട്ടുണ്ട്. 2017-18 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ, പൊതു ആവശ്യഗ്രാന്റ് ഒഴികെയുള്ള തനത് വരുമാനത്തേക്കാൾ 62 ലക്ഷം രൂപ അധികമായി ചെലവ് ചെയ്യേണ്ടി വരുന്ന സാഹചര്യമാണുള്ളത്. (ഖണ്ഡിക-3-1 കാണുക). മിച്ച ഫണ്ട് ഇല്ലാത്തതിനാൽ അസാധാരണ ചെലവ് എന്ന രീതിയിൽ വയൽ വാണിഭത്തിനായി തുക ചെലവഴിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഗ്രാമപഞ്ചായത്തിന്റെ കാർഷിക പാരമ്പര്യം നിലനിർത്തുന്നതിനായി നടത്തുന്ന ഈ കാർഷിക ഉത്സവം ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-12 അപേക്ഷകളും അനുബന്ധ രേഖകളും ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

അപേക്ഷകളും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചുവടെ കൊടുത്തിരിക്കുന്ന പദ്ധതികൾക്കായി ചെലവഴിച്ച തുകകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| പദ്ധതിയുടെ വിവരങ്ങൾ | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | |
|---|---|---|---|---|
| നെൽകൃഷി വികസനം(S0007/18) | വികസന ഫണ്ട് | 253600 | ബിൽ നം.OMR.6/17-18 തീ: 10.01.18 | 92871 |
| | | | ബിൽ നം.OMR.8/17-18 തീ: 10.01.18 | 47360 |
| | | | ബിൽ നം.OMR.9/17-18 തീ: 10.01.18 | 32895 |
| | | | ബിൽ നം.OMR.10/17-18 തീ: 24.01.18 | 73977 |
| | | | ബിൽ നം.OMR11/17-18 തീ: 24.01.18 | 6440 |
| | | | ആകെ | 253543 |
| | ബ്ലോക്ക് പഞ്ചായത്ത് | 125800 | | |
| | ഗുണഭോക്താവ് നേരിട്ട് | 38748 | | |
| | ആകെ | 418148 | | |
| സംഘം ചേർന്ന് പച്ചക്കറികൃഷി ചെയ്യുന്നതിന് പാട്ട കൂലി നൽകൽ(S0192/18) | വികസന ഫണ്ട് | 50000 | ബിൽ നം.OMR.17/17-18 തീ: 21.03.18 | 38360 |
| | | | ബിൽ നം.OMR.20/17-18 തീ: 21.03.18 | 2800 |

| | | |
|---|---|---|
| | ആകെ | 41160 |
| ആകെ തടസ്സപ്പെടുത്തുന്ന തുക | | 294703 |

രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/26.02.19), അവ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രേഖകൾ ഓഡിറ്റിൽ അടിയന്തിരമായി ഹാജരാക്കേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം തടസ്സപ്പെടുത്തിയ തുക നിരാകരിക്കുന്നതും നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

## 3-13 വാഴകൃഷി വികസനം- പദ്ധതി നിർവ്വഹത്തിലെ അപാകതകൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്റ്റ് നം. | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | S0009/18 | വികസന ഫണ്ട് | 140000 | ബിൽ നം.OMR1/17-18 തീ:28.10.17 | 4000 |
| | | | | ബിൽ നം.OMR5/17-18 തീ:10.01.18 | 50000 |
| | | | | ബിൽ നം.OMR16/17-18 തീ:06.03.18 | 16000 |
| | | | | ബിൽ നം.OMR18/17-18 തീ:21.03.18 | 70000 |
| | | ഗുണഭോക്താവ് നേരിട്ട് | 6420 | | - |
| | | ആകെ | 146420 | ആകെ വികസനഫണ്ട് | 140000 |

വാഴകൃഷി വ്യാപിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി പ്രകാരം ജൈവവളം, ജൈവ കീടനാശിനി എന്നിവയ്ക്ക് ഹെക്ടറിന് 25000രൂപ നിരക്കിൽ 120000രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇടവിളയായി പച്ചക്കറി കൃഷി ചെയ്യുന്നതിന് 40രൂപ വിലയുള്ള 100 പായ്ക്കറ്റ് പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നതിന് 4000രൂപയും പരിശീലനത്തിനായി 16000 രൂപയും ചെലവഴിച്ചിട്ടുണ്ട്. ജൈവവളം 75% സബ്സിഡി ആനുകൂല്യത്തോടെയും പച്ചക്കറി വിത്തുകൾ സൗജന്യമായുമാണ് വിതരണം നടത്തിയിട്ടുള്ളത്. ജൈവവളം ഗുണഭോക്താവ് നേരിട്ട് വാങ്ങി ഇൻവോയ്സുകൾ ഹാജരാക്കുമ്പോൾ സബ്സിഡി തുക കർഷകന്റെ അക്കൗണ്ടിലേക്ക് അനുവദിച്ചു നല്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) 73 വാഴകൾ മാത്രം കൃഷി ചെയ്യാൻ സ്ഥലമുള്ള കർഷകന് 100വാഴകൾക്കുള്ള ആനുകൂല്യം നൽകി

ശശിധരൻ നായർ.സി, പേഴുംപറമ്പിൽ സതീഷ് ഭവൻ, വാഴമുട്ടം എന്ന കർഷകന് 100 വാഴകൾക്കുള്ള വളത്തിന്റെ സബ്സിഡിയായി 1000രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള കരം അടച്ച രസീത് പ്രകാരം ടിയാന് 2.95ആർ ഭൂമി മാത്രമാണുള്ളത്. ഒരു ആറിൽ പരമാവധി കൃഷി ചെയ്യാൻ സാധിക്കുന്നത് 25വാഴകൾ മാത്രമാണ്. ഇതനുസരിച്ച് 73 വാഴകൾക്കുള്ള ധനസഹായത്തിനു മാത്രമേ ടിയാന് അർഹതയുള്ളൂ. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/26.02.19) മറുപടിയായി, ടിയാൻ ബാക്കി വാഴകൾ കൃഷി ചെയ്തത് പാട്ടത്തിനെടുത്ത ഭൂമിയിലാണെന്നും പാട്ടക്കരാർ ഹാജരാക്കാൻ അറിയിച്ചിട്ടുള്ളതായും കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. പാട്ടക്കരാറിന്റെ അഭാവത്തിൽ 27വാഴകൾക്കുള്ള ആനുകൂല്യമായി നൽകിയ 270രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പാട്ടക്കരാർ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) അർഹമായതിലും അധികം തുക സബ്സിഡി അനുവദിച്ചു

തോമസ്സ് സ്റ്റീഫൻ, നടുവിലേത്ത്, മുള്ളനിക്കാട് എന്നയാൾക്ക് 200 വാഴകൾക്കുള്ള വളത്തിന്റെ സബ്സിഡിയായി 2000രൂപ അനുവദിച്ചു. 1650രൂപയുടെ ജൈവവളം വാങ്ങിയതിന്റെ ബില്ലുകളാണ് ടിയാൻ ഹാജരാക്കിയിട്ടുള്ളത്. അതു പ്രകാരം അനുവദിക്കാവുന്ന പരമാവധി സബ്സിഡി 1238രൂപ മാത്രമാണ്. കൂടാതെ ടിയാന് 100 വാഴകൾക്കുള്ള ധനസഹായം അനുവദിക്കാനാണ് കൃഷി ഓഫീസറും അസിസ്റ്റന്റും അപേക്ഷയിൽ ശുപാർശ ചെയ്തത്. ആയതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/26.02.19) മറുപടിയായി, ടിയാന് 100 വാഴകൾക്കുള്ള വളം സബ്സിഡി അനുവദിക്കാനാണ് അപേക്ഷയിൽ ശുപാർശ ചെയ്തതെന്നും 200 വാഴകൾക്കുള്ള ധനസഹായം അനുവദിച്ചത് ക്ലെറിക്കൽ തെറ്റുകൊണ്ടാണെന്നും ബാക്കി തുകയായ 762രൂപ തിരികെ ഈടാക്കുന്നതാണെന്നും കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ കൃഷി ഓഫീസറുടെ മറുപടിയിൽ നിന്നും ടിയാന് 100 വാഴകൾക്കുള്ള വളം സബ്സിഡിയ്ക്കാണ് അർഹതയുള്ളതെന്ന് വ്യക്തമാണ്. ആയതിനാൽ അനർഹമായി അനുവദിച്ച, 100 വാഴകളുടെ വളം സബ്സിഡിയായ 1000രൂപ ഓഡിറ്റ് നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി, വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

(സി) പാട്ടക്കരാറിന്റെ അഭാവത്തിൽ വളം സബ്സിഡി അനുവദിച്ചു

രാമചന്ദ്രൻ നായർ, കടയ്ക്കൽ, ഓമല്ലൂർ എന്നയാൾക്ക് 200വാഴകൾക്കുള്ള വളത്തിന്റെ സബ്സിഡിയായി 2000രൂപ അനുവദിച്ചു. ടിയാൻ അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കുന്നത് മഞ്ഞനിക്കര, പായിക്കാട്ടു പുത്തൻ പറമ്പിൽ ഉമ്മൻ ജോർജ്ജിന്റെ പേരിലുള്ള 44.50ആർ ഭൂമിയുടെ കരം അടച്ച രസീതാണ്. പാട്ടക്കൃഷിയാണെങ്കിൽ പാട്ടക്കരാർ ഹാജരാക്കേണ്ടതായിരുന്നു. അപേക്ഷകന്റെ പേരിലുള്ള കരം അടച്ച രസീതിന്റെയും, നിയമാനുസൃതമായ പാട്ടക്കരാറിന്റെയും അഭാവത്തിലാണ് ടിയാന് സബ്സിഡി അനുവദിച്ചു നൽകിയത്. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/26.02.19) മറുപടിയായി, ടിയാൻ പാട്ടകൃഷിയാണ് ചെയ്യുതെന്നും പാട്ടക്കരാർ ഹാജരാക്കാൻ അറിയിച്ചിട്ടുള്ളതായും കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. പാട്ടക്കരാറിന്റെ അഭാവത്തിൽ സബ്സിഡി ആനുകൂല്യമായി നൽകിയ 2000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പാട്ടക്കരാർ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-14 തെങ്ങ് കൃഷി വികസനം - സബ്സിഡി ആനുകൂല്യങ്ങൾ നൽകിയതിലെ അപാകതകൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് നം. | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | S0008/18 | വികസന ഫണ്ട് | 418000 | ബിൽ നം.OMR.3/17-18 തീ:06.10.18 | 183000 |
| | | | | ബിൽ നം.OMR.4/17-18 തീ:10.01.18 | 103425 |
| | | ഗുണഭോക്താവ് നേരിട്ട് | 140000 | ബിൽ നം.OMR.7/17-18 തീ:10.01.18 | 38100 |
| | | | | ബിൽ നം.OMR.14/17-18 തീ:6.03.18 | 93450 |
| | | ആകെ | 558000 | ആകെ | 417975 |

തെങ്ങ്കൃഷി വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കിയ പദ്ധതി പ്രകാരം തെങ്ങൊന്നിന് 75രൂപ നിരക്കിൽ ജൈവവളത്തിന് സബ്സിഡി നൽകി. 235 കർഷകർക്ക് വളം സബ്സിഡി അനുവദിക്കുന്നതിനായി ആകെ 417975രൂപ ചെലവഴിച്ചിട്ടുണ്ട്. ജൈവവളം ഗുണഭോക്താവ് നേരിട്ട് വാങ്ങി ഇൻവോയ്സുകൾ ഹാജരാക്കുമ്പോൾ സബ്സിഡി തുക കർഷകന്റെ അക്കൗണ്ടിലേക്ക് അനുവദിച്ചു നല്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയത്. ജൈവവളത്തിന് 5% GST ബാധകമാണെങ്കിലും സബ്സിഡി അനുവദിക്കുന്നതിനു ഹാജരാക്കിയിട്ടുള്ള ഭൂരിപക്ഷം ബില്ലുകളിലും GST രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തുകയോ, നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. പദ്ധതി നിർവ്വഹണം സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) തെങ്ങുകളുടെ എണ്ണ മോ കൃഷി യോഗ്യമായ ഭൂമിയുടെ അളവോ പരിഗണിക്കാതെ സബ്സിഡി അനുവദിച്ചു

നിലവിൽ കൃഷി ചെയ്യുന്ന തെങ്ങുകളുടെ എണ്ണമോ കൃഷി യോഗ്യമായ ഭൂമിയുടെ അളവോ പരിഗണിക്കാതെ ആകെ ഭൂമിയുടെ അടിസ്ഥാനത്തിലാണ് പല കർഷകർക്കും ധനസഹായം അനുവദിച്ചിട്ടുള്ളത്. തൻമൂലം റബർ ഉൾപ്പെടെയുള്ള മറ്റ് കൃഷികൾ ചെയ്തിരിക്കുന്നതും കെട്ടിടങ്ങൾ ഉൾപ്പെടുന്നതുമായ ഭൂമിയിലും തെങ്ങു കൃഷിയ്ക്ക് വളം സബ്സിഡി അനുവദിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | ഗുണഭോക്താവിന്റെ വിവരങ്ങൾ | തെങ്ങ് കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം/ കൃഷി ചെയ്യുന്ന തെങ്ങുകളുടെ എണ്ണം | വളം സബ്സിഡി അനുവദിച്ച തെങ്ങുകളുടെ എണ്ണം | അനുവദിച്ച തുക | യഥാർത്ഥത്തിൽ ധനസഹായം നൽകാവുന്ന തെങ്ങുകളുടെ എണ്ണം | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ചത് |
|---|---|---|---|---|---|---|---|
| 1 | എൻ.കെ.മുരളീധരൻ നായർ, നിലയ്ക്കൽ, വാഴമുട്ടം | 15 എണ്ണം | 20 | 1500 | 15 | 1125 | 375 |
| 2 | കെ.വി.തോമസ്സ്, കളത്തുരേത്ത്, വാഴമുട്ടം | 22 സെന്റ് | 20 | 1500 | 15 | 1125 | 375 |
| 3 | അലക്സ് പി.ജെ പടിഞ്ഞാറെമണ്ണിൽ | 11സെന്റ് | 18 | 1350 | 8 | 600 | 750 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | ദാനിയേൽ സി.ജി.<br><br>ചാമക്കാലായിൽ, മുള്ളനിക്കാട് | 25സെന്റ് | 25 | 1875 | 18 | 1350 | 525 |
| 5 | മനോജ് കുമാർ എസ്.,<br><br>ഇടനാട്ട് വീട്, വാഴമുട്ടം | 75 എണ്ണം | 90 | 6750 | 75 | 5625 | 1225 |
| 6 | എലിസബത്ത് ചെറിയാൻ<br><br>ചാത്തേലിൽ, ഐമാലി | 50 എണ്ണം | 70 | 5250 | 50 | 3750 | 1500 |
| 7 | ഇ.കെ.തോമസ്, ഒറ്റപ്ലാമൂട്ടിൽ, ഓമല്ലൂർ | 40സെന്റ് | 40 | 3000 | 28 | 2100 | 900 |

കാർഷിക പദ്ധതികൾ നടപ്പിലാക്കുമ്പോൾ, ഏതിനം കാർഷിക വിളയ്ക്ക് വേണ്ടിയാണോ പദ്ധതി ആവിഷ്കരിച്ചത്, പ്രസ്തുത വിള കൃഷി ചെയ്തിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം/വിളകളുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രം സബ്സിഡികൾ അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(ബി) ഭൂവിസ്തൃതി പരിഗണിക്കാതെ സബ്സിഡി ആനുകൂല്യം നൽകി

ഒരു ഹെക്ടറിൽ കൃഷി ചെയ്യാവുന്ന തെങ്ങുകളുടെ പരമാവധി എണ്ണം 175 ആയി കൃഷി വകുപ്പ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ചുവടെ പറഞ്ഞിരിക്കുന്ന ഗുണഭോക്താക്കൾക്ക് അവരുടെ ഉടമസ്ഥതയിലുള്ള ആകെ ഭൂമിയുടെയും കൃഷിയോഗ്യമായ ഭൂമിയുടെയും വിസ്തൃതി പരിഗണിക്കാതെ ആകെ ഭൂമിയിൽ കൃഷി ചെയ്യാൻ സാധിക്കുന്നതിലുമധികം തെങ്ങുകൾക്ക് വളം സബ്സിഡി അനുവദിച്ചു നൽകിയിട്ടുണ്ട്.

| ക്രമനം. | ഗുണഭോക്താവിന്റെ വിവരങ്ങൾ | ഹാജരാക്കിയിട്ടുള്ള കരം രസീത് പ്രകാരമുള്ള ഭൂമിയുടെ വിസ്തീർണ്ണം (ആർ) | സബ്സിഡി അനുവദിക്കുന്നതിന് അടിസ്ഥാനമാക്കിയ തെങ്ങുകളുടെ എണ്ണം | അനുവദിച്ച തുക | ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ സബ്സിഡി അനുവദിക്കാവുന്ന പരമാവധി തെങ്ങുകളുടെ എണ്ണം | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|---|
| 1 | എ.എൻ. സോമനാഥൻ നായർ, ദേവകി മന്ദിരം, പുത്തൻപീടിക | 5.67 | 15 | 1125 | 10 | 750 | 375 |
| 2 | റ്റി.എ.ഈശോ, തെക്കിനേത്ത് ഹൗസ്, മുള്ളനിക്കാട് | 9.11 | 50 | 3750 | 16 | 1200 | 2550 |
| 3 | പുരുഷോത്തമൻ നായർ, ജ്യോതി ഭവൻ, ആറ്റരികം | 9.11 | 35 | 2625 | 16 | 1200 | 1425 |
| 4 | എലിസബത്ത് ചെറിയാൻ, ചാത്തോലിൽ, ഐമാലി | 36.2 | 70 | 5250 | 64 | 4800 | 450 |
| 5 | ഉഷാകുമാരി, ശ്രീനന്ദനം ചാക്കത്തറയിൽ, ആറ്റരികം | 11.10 | 27 | 2025 | 19 | 1425 | 600 |
| 6 | പി.ആർ. പുരുഷോത്തമൻ നായർ, പുതുമന, വാഴമുട്ടം | 17.32 | 60 | 4500 | 31 | 2325 | 2175 |
| 7 | ജോർജ്ജ് സാമുവൽ, കിഴക്കേക്കര വീട്, മുള്ളനിക്കാട് | 4.30 | 25 | 1875 | 8 | 600 | 1275 |

| | ആകെ | | | | | | 8850 |
|---|---|---|---|---|---|---|---|

യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെയാണ് സബ്സിഡി അനുവദിച്ചിട്ടുള്ളതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. പദ്ധതി നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/26.02.19), അധികമായി നൽകിയ സബ്സിഡി തുക തിരികെ ഈടാക്കി പഞ്ചായത്തിൽ അടയ്ക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അനർഹമായി അനുവദിച്ച 8850രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട അപേക്ഷകൾ പുന:പരിശോധിച്ച് അനർഹമായ ആനുകൂല്യം അനുവദിച്ചിട്ടുള്ള എല്ലാ ഗുണഭോക്താക്കളിൽ നിന്നും അർഹമായ സബ്സിഡി തുക കഴിച്ച് ബാക്കി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി.തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-15 കിഴങ്ങ് വിള കൃഷി വികസനം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് നം. | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | S0156/18 | വികസന ഫണ്ട് | 80000 | ബിൽ നം.OMR.12/17-18 തീ:12.02.18 | 70880 |
| | | ഗുണഭോക്താവ് നേരിട്ട് | 27200 | | |
| | | ആകെ | 107200 | ആകെ | 70880 |

കിഴങ്ങ് വിള കൃഷി വികസനം ലക്ഷ്യമിട്ട് ആവിഷ്ക്കരിച്ച പദ്ധതിപ്രകാരം ഹെക്ടറിന് 20000 രൂപ നിരക്കിൽ ജൈവവളത്തിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ആകെ 34 കർഷകർക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) ശ്രീമതി കല.ജി, പുഷ്പാലയം, മച്ചിക്കാട് ലക്ഷം വീട് കോളനി എന്നയാൾക്ക് 70 സെന്റിൽ കിഴങ്ങുവിളകൾ കൃഷി ചെയ്യുന്നതിന് 5600രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. എന്നാൽ ടിയാൻ ഹാജരാക്കിയിരിക്കുന്നത് റാന്നി താലൂക്കിൽ ചെറുകോൽ വില്ലേജിൽ കൊച്ചുപറമ്പിൽ വീട്ടിൽ ജോർജ്ജ് ചെറിയാന്റെ ഉടമസ്ഥയിൽ ഓമല്ലൂർ വില്ലേജിലുള്ള 33/8, 34/1, 34/4 എന്നീ സർവ്വേ നമ്പരുകളിലുള്ള ഭൂമിയുടെ കരം അടച്ച രസീതും ശ്രീ. ജോർജ്ജ് ചെറിയാൻ ഉ൱ർവ്വരം സംഘകൃഷിക്ക് നൽകിയ സാധാരണ പേപ്പറിലുള്ള സമ്മതപത്രവുമാണ്. സമ്മതപത്രത്തിൽ 33/8, 34/1 സർവ്വേ നമ്പരുകളിലുള്ള 50സെന്റ് ഭൂമിയിൽ കൃഷി ചെയ്യാനാണ് അനുവാദം നൽകിയിട്ടുള്ളത്. ശ്രീമതി കലയും ഉ൱ർവ്വരം സംഘകൃഷിയും തമ്മിലുള്ള ബന്ധം കാണിക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. കൂടാതെ 50 സെന്റിൽ മാത്രം കൃഷി ചെയ്യാൻ അനുവാദമുള്ള സാഹചര്യത്തിൽ 70 സെന്റിനുള്ള വളം സബ്സിഡി നൽകിയത് അംഗീകരിക്കാനാവില്ല.

(ബി) ശ്രീമതി രോഹിണി, ഓലിയിൽ മേമുറിയിൽ, വാഴമുട്ടം എന്നയാൾക്ക് 40സെന്റ് സ്ഥലത്ത് കിഴങ്ങുവിളകൾ കൃഷി ചെയ്യുന്നതിന് 3200രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. എന്നാൽ ടിയാൾ ഹാജരാക്കിയിരിക്കുന്നത് വാഴമുട്ടം, കുളത്തുരേത്ത് വീട്ടിൽ മത്തായി മകൻ യോശുവായുടെ പേരിൽ ഓമല്ലൂർ വില്ലേജിൽ 272/14 സർവ്വേ നമ്പരിലുള്ള 17.50ആർ ഭൂമിയുടെ കരം അടച്ച രസീതാണ്. നിയമാനുസൃതമായ പാട്ടച്ചീട്ടോ മറ്റു രേഖകളോ ഹാജരാക്കിയിട്ടില്ല.

പദ്ധതി നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/26.02.19), ടി ആളുകളിൽ നിന്നും പാട്ടക്കരാർ വാങ്ങി ഹാജരാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. അപേക്ഷകരുടെ പേരിലുള്ള കരം അടച്ച രസീതിന്റെയും നിയമാനുസൃത പാട്ടക്കരാറിന്റെയും അഭാവത്തിൽ വളം സബ്സിഡിയായി അനുവദിച്ചു നൽകിയ 8800രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പാട്ടക്കരാർ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-16 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലാപ്പ്ടോപ്പ് - മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് നം. | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | |
|---|---|---|---|---|---|
| ഹെഡ് മാസ്റ്റർ, ഗവ.യു.പി.എസ്, വാഴമുട്ടം | S0015/18 | വികസന ഫണ്ട് (എസ്.സി.പി) | 475000 | ബിൽ നം.03/17-18 തീ: 26.02.18 | 423700 |
| | | ആകെ | 475000 | ആകെ | 423700 |

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം ഉന്നത വിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 19കുട്ടികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകുന്നതിനായി 423700രൂപ ചെലവഴിച്ചിട്ടുണ്ട്. ഹൈപ്പർടെക്ക്, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും ലാപ്പ്ടോപ്പ് ഒന്നിന് 22300രൂപ നിരക്കിൽ ടെൻഡർ നടപടികളിലൂടെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 30000രൂപ വരെ വിലയുള്ള ലാപ്ടോപ്പ്

നൽകാവുന്നതാണെന്നും ഐ.ടി.മിഷന്റെ മിഡിൽ ലെവൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്ടോപ്പ് ആയിരിക്കണം വാങ്ങേണ്ടതെന്നും സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 01.02.2017-ൽ നടന്ന യോഗത്തിന്റെ നടപടി വിവരങ്ങൾ ഖ.2.24-ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്പെസിഫിക്കേഷനോടു കൂടിയ ലാപ്ടോപ്പുകൾ വാങ്ങുന്നതിനല്ല നിർവ്വഹണ ഉദ്യോഗസ്ഥൻ ടെൻഡർ ക്ഷണിച്ചത്. വാങ്ങിയ ലാപ്ടോപ്പുകൾ കോർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ച എല്ലാ സ്പെസിഫിക്കേഷനുകളോടും കൂടിയവയുമല്ല. ടെൻഡർ ക്ഷണിക്കുമ്പോൾ സ്പെസിഫിക്കേഷനുകളിൽ ബ്രാന്റ് നെയിമുകളുടെ പരാമർശം ഒഴിവാക്കേണ്ടതാണെന്ന പ്രൊക്യൂർമെന്റ് മാനുവലിലെ നിർദ്ദേശവും പാലിച്ചിട്ടില്ല.

പദ്ധതി നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/21.02.19), കോർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശം സംബന്ധിച്ച് അറിവില്ലാതിരുന്നതു കൊണ്ടാണ് അപാകത സംഭവിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ച് മാത്രം നടപ്പിലാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 ഇ.എം.എസ് ഭവനപദ്ധതി അക്കൗണ്ടിൽ തുക ചെലവഴിക്കാതെ ശേഷിക്കുന്നു

പ്രസിഡന്റിന്റെയും വി.ഇ.ഒ.യുടെയും പേരിൽ ഓമല്ലൂർ സർവ്വീസ് സഹകരണ ബാങ്കിലുള്ള ഇ.എം.എസ് ഭവന പദ്ധതി അക്കൗണ്ടിൽ (A/C No.0101006254) 31.03.18-ൽ 344996രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ശ്രീമതി കല്യാണി, അരീയ്ക്കാവിൽ, പറയനാലി എന്ന ഗുണഭോക്താവിന് ധനസഹായം ആവശ്യമില്ലെന്ന് അറിയിച്ചതിനെ തുടർന്ന് അക്കൗണ്ടിൽ അവശേഷിച്ച 2ലക്ഷം രൂപയും പലിശയും ഉൾപ്പെടെയുള്ള തുകയാണിത്. പദ്ധതിയിൽ ഉൾപ്പെട്ട എല്ലാവർക്കും ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയും പദ്ധതി അവസാനിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക സർക്കാരിന്റെ സഞ്ചിത നിധിയിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 ഭവന പുനരുദ്ധാരണ പദ്ധതികൾ- മുൻകൂർ തുക കൈപ്പറ്റിയിട്ടും പണി പൂർത്തിയാക്കിയില്ല

വില്ലേജ് എക്സ്റ്റക്ഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2100000രൂപ വകയിരുത്തി ജനറൽ വിഭാഗത്തിനും 1400000രൂപ വകയിരുത്തി എസ്.സി.വിഭാഗത്തിനും ഭവനപുനരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഒരു ഗുണഭോക്താവിന് ആകെ 50000രൂപ ധനസഹായം നൽകുന്ന പദ്ധതികളുടെ ആദ്യഗഡുവായ 25000രൂപ മുൻകൂറായി അനുവദിച്ച് നൽകിയിരുന്നു. എന്നാൽ മുൻകൂർ തുക കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

| പദ്ധതികളുടെ വിവരങ്ങൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ഗുണഭോക്താവിന്റെ വിവരങ്ങൾ | മുൻകൂറായി കൈപ്പറ്റിയ തുക | ബിൽ നമ്പർ & തീയതി |
|---|---|---|---|---|---|
| ഭവന പുനരുദ്ധാരണം (ജനറൽ) S0010/18 | 2100000 (വികസന ഫണ്ട്) | 1950000 | പൊന്നമ്മ, ഇടയാണത്ത് തെക്കേമുറി, ആറ്ററികം | 25000 | 5/17-18 തീ:14.11.17 |
| | | | രമേശ്, ചെറിയ പാരിപ്പള്ളിൽ, മഞ്ഞനിക്കര | 25000 | 15/17-18 തീ:14.03.18 |
| ഭവന പുനരുദ്ധാരണം (എസ്.സി) S0012/18 | 1400000 (വികസന ഫണ്ട് (എസ്.സി.പി)) | 10250000 | രമേശ്, കരിമ്പനാക്കുഴിയിൽ, പറയനാലി | 25000 | 9/17-18 തീ:20.01.18 |
| | | | ശാരദ, കല്ലുംകൂട്ടത്തിൽ, പറയനാലി | 25000 | 9/17-18 തീ:20.01.18 |
| | | | സുകുമാരൻ, കലതി നിൽക്കുന്നതിൽ, വാഴമുട്ടം നോർത്ത് | 25000 | 16/17-18 തീ:14.03.18 |

മുൻകൂർ ഗഡു കൈപ്പറ്റി ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന എല്ലാ ഗുണഭോക്താക്കളോടും അടിയന്തിരമായി പണി പൂർത്തിയാക്കാൻ നിർദ്ദേശം നൽകേണ്ടതാണ്. നിർദ്ദേശം പാലിക്കാത്തവരിൽ നിന്നും മുൻകൂറായി നൽകിയ തുക 12% പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 മരാമത്ത് പ്രവൃത്തി- പൊതുവായ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട ഏതാനും അപാകതകൾ

ചുവടെ കൊടുക്കുന്നു.

1. എഗ്രിമെന്റുകളിൽ ഭൂരിഭാഗത്തിലും കരാറുകാർ ഒപ്പു രേഖപ്പെടുത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഉത്തരവാദിത്വത്തിലുള്ള വീഴ്ചയാണ് ഇത് വ്യക്തമാക്കുന്നത്. (ഉദാ- വിളക്കുവേലിൽ ജംഗ്ഷൻ വള്ളിക്കാട്ടിൽ റോഡ് സംരക്ഷണഭിത്തി നിർമ്മാണം, മൈക്രോ സ്റ്റേഷൻ നീലിയത്ത് പടി റോഡ് റീടാറിംഗ്, എൽ.പി.സ്കൂൾ നാറാണത്ത് പടി ഓട നിർമ്മാണം)

2. എഗ്രിമെന്റുകൾ പലതും അപൂർണ്ണമാണ്. എഗ്രിമെന്റിൽ നമ്പരും തീയതിയും പോലും എഴുതാത്ത ധാരാളം ഫയലുകളുണ്ട്. (ഉദാ- പുത്തൻപീടിക മുട്ടുകുടുക്ക റോഡിൽ കുഴിനാപ്പുറത്ത് പടി കമുകുംതോപ്പിൽ പടി ഓട നിർമ്മാണം, AGT പടി കോഴിക്കുന്നത്ത് പടി ഓട നിർമ്മാണം, വിവിധ സ്കൂളുകളുടെ മെയിന്റനൻസ്)

3. എല്ലാ ഫയലുകളിലേയും ടെണ്ടർ ഫാറത്തിന്റെ അവസാന പേജിൽ അസി.എഞ്ചിനീയർ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ നിരക്ക്, തിരുത്തലുകൾ മുതലായ വിവരങ്ങൾ രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയത് ടെണ്ടറുകളുടെ സുതാര്യത നഷ്ടപ്പെടുത്തുന്നു.

4. ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ എം.ബുക്കിൽ ബിറ്റുമിൻ ഉപയോഗിച്ചതിന്റെ അളവുകൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഉദാ- മൈക്രോ സ്റ്റേഷൻ നീലിയത്ത് പടി റോഡ് റീടാറിംഗ്, പൊന്നേലിൽ തെക്കേതിൽ പടി റോഡ് റീടാറിംഗും പുനരുദ്ധാരണവും)

അപാകതകൾ പരിഹരിക്കേണ്ടതും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനീയറുടെ ഭാഗത്തുണ്ടായ അലംഭാവം ആവർത്തിക്കപ്പെടാ തിരിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-20 ഓട നിർമ്മാണം- ശിലാഫലകം സ്ഥാപിക്കാതെ തുക നൽകി

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന 'ശിലാഫലകം സ്ഥാപിക്കൽ' എന്നയിനം ബന്ധപ്പെട്ട എം.ബുക്കുകളിൽ രേഖപ്പെടുത്തി കരാറുകാർക്ക് പ്രതിഫലം നൽകിയിട്ടുണ്ട്. എന്നാൽ ശിലാഫലകം സ്ഥാപിക്കാതെയാണ് പ്രതിഫലം നൽകിയതെന്ന് ഭൗതിക പരിശോധന നടത്തിയതിൽ നിന്നും വ്യക്തമായി. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നം., പേര് | കരാറുകാരൻ, എം.ബുക്ക് നം. | ബിൽ നം., തീയതി, തുക | ശിലാഫലകത്തിനു വേണ്ടി ചെലവഴിച്ച തുക |
|---|---|---|---|
| SO.134/17-18(S.145 /16-17)- ഷട്ടർ ജംഗ്ഷൻ പനച്ചിക്കുഴി ആയുർവ്വേദ ഹോസ്പിറ്റൽ റോഡ് ഓട നിർമ്മാണം. | ബിജു ദാനിയേൽ, അരീക്കത്തറയിൽ. (നം.46/16-17) | നം.25/4.11.17 രൂ.159107 | 4311 |
| S.105/17-18- പുത്തൻപീടിക മുട്ടുകുടുക്ക റോഡിൽ കുഴിനാപ്പുറത്ത് പടി കമുകുംതോപ്പിൽ പടി ഓട നിർമ്മാണം. | പ്രസാദ്.കെ.വി, കണ്ണംതടത്തിൽ. (നം.19/17-18) | നം.42/20.2.18 രൂ.455966 | 4000 |
| SO.117/17-18(S.64 /16-17)- ഗണപതിക്കുളം മുടിയിൽ പടി റോഡ് ഓട നിർമ്മാണം. | തുളസീദാസ്.കെ, കാർത്തിക. (നം.40/17-18) | രൂ.368929 | 4311 |
| | | ആകെ | 12622രൂപ |

മേൽപറഞ്ഞ 12622രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം തുക ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-21 ഓട നിർമ്മാണം- സ്ലാബിനുള്ള കമ്പിയുടെ അളവിൽ വൈരുദ്ധ്യം

| | |
|---|---|
| പ്രവൃത്തി | S.99/17-18- എൽ.പി. സ്കൂൾ നാറാണത്ത് പടി ഓട നിർമ്മാണം |
| കരാറുകാരൻ | ശ്രീ.പ്രസന്നകമാരൻ നായർ |
| എം.ബുക്ക് നം. | നം.30/17-18 |
| ബിൽ നം., തീയതി, തുക | നം.48/ 17.3.18- രൂ.269324 |

ചുവടെ കൊടുത്തിരിക്കുന്ന പ്രവൃത്തിയിൽ, ഓടയുടെ സ്ലാബിന് ഉപയോഗിച്ചതായി എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന കമ്പിയുടെ അളവിൽ വൈരുദ്ധ്യമുണ്ട്. ഓടയുടെ നീളത്തിനേക്കാൾ 5cm കുറവായിരിക്കണം അതിനായി ഉപയോഗിക്കുന്ന കമ്പികളുടെ നീളം. എന്നാൽ സ്ലാബിന്റെ അതേ നീളത്തിലും വീതിയിലും കമ്പി (Reinforcement) ഉപയോഗിച്ചതായാണ് എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സിമന്റ് മിശ്രിതത്താൽ Reinforcement പൂർണ്ണമായി പൊതിയപ്പെടേണ്ടതിനാൽ കമ്പിയുടെ നീളം നിർബന്ധമായും സ്ലാബിന്റെ നീളത്തേക്കാൾ കുറവായിരിക്കണം. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ലാബിന്റെ അളവുകൾ | എം.ബുക്ക് പ്രകാരം കമ്പിയുടെ അളവുകൾ | യഥാർത്ഥത്തിൽ ആവശ്യമായ കമ്പിയുടെ അളവുകൾ | പ്രസ്തുത ഇനത്തിന് അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|
| 0.90X0.60X0.12 (88no.)<br><br>0.90X0.60X0.18 (8no.)<br><br>1.5X1.5X0.18 (1no.) | 12mm-(88X7X0.60)= 369.6m<br><br>8mm- (88X5X0.90)= 396m<br><br>12mm- (2X8X7X0.60)= 67.2m<br><br>8mm- (2X8X5X0.90)= 72m<br><br>12mm-(1X11X1.50)= 16.5m<br><br>8mm-(1X11X1.50)= 16.5m | 12mm- (88X7X0.55)= 338.8m<br><br>8mm- (88X5X0.85)= 374m<br><br>12mm- (2X8X7X0.55)= 61.6m<br><br>8mm- (2X8X5X0.85)= 68m<br><br>12mm-(1X11X1.45)= 15.95m<br><br>8mm-(1X11X1.45)= 15.95m | (369.6+67.2+16.5= 453.3m)X0.89kg/m= 403.437 kg<br><br>(396+72+16.5=484.5m) X0.395kg/m= 191.3775 kg<br><br>ആകെ-594.815kg<br><br>limited to 585.225kg @84.90/kg= 49685.60 | (338.8+61.6+15.95= 416.35kgX 0.89kg/m= 370.5515kg<br><br>(374+68+15.95=457.95m)X0.395kg/m= 180.89kg<br><br>ആകെ-551.44kg @84.90/kg = 46817.26 | 2868.34<br><br>ie, 2868 |

അധികമായി നൽകിയ 2868രൂപ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-22 ഗണപതിക്കുളം മുടിയിൽ പടി റോഡ് ഓട നിർമ്മാണം- ബില്ല് മാറിയതിൽ കാലതാമസം

| | |
|---|---|
| പ്രൊജക്ട് നം. | SO.117/17-18 (S.64/16-17) |
| അടങ്കൽ തുക | രൂ.370142 |
| ചെലവ് തുക | രൂ.368929 (ബിൽ തീയതി-16.5.18) |
| കരാറുകാരൻ | ശ്രീ.തുളസീദാസ്.കെ |

പ്രസ്തുത പ്രവൃത്തിയുടെ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

29.3.17-ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി 10.4.17മുതൽ 29.5.17വരെയുള്ള കാലയളവിൽ മെഷർ ചെയ്തതായും, 30.5.17-ൽ ചെക്ക് മെഷർ ചെയ്തതായും എം.ബുക്കിൽ (നം.40/17-18) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 28.3.18-ൽ മാത്രമാണ് ബില്ല് തയ്യാറാക്കിയത്. ട്രഷറിയിൽ ബില്ല് സമർപ്പിച്ചത് 31.3.18-ൽ മാത്രമാണ്. ആയതിനാൽ 2017-18വർഷം ബില്ല് പാസ്സാകാതെ ക്യൂ-ലിസ്റ്റിലാവുകയും ചെയ്തു. 2018-19-ൽ മാത്രമാണ് ബില്ല് മാറി കരാറുകാരന് തുക നൽകിയത്. 30.5.17-ൽ ചെക്ക് മെഷർ ചെയ്തിട്ടും ബില്ല് മാറാതെ പേയ്മെന്റ് നീട്ടിക്കൊണ്ടു പോയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/ 27.2.19) മറുപടിയായി, സമീപവാസികളുടെ തർക്കത്തെ തുടർന്ന് സ്ലാബുകൾ പൂർണ്ണമായി ഇടാൻ കഴിഞ്ഞിരുന്നില്ല എന്നും, തർക്കം പരിഹരിച്ചതിനു ശേഷമാണ് ബില്ല് ട്രഷറിയിൽ നൽകിയതെന്നും അസി.എഞ്ചിനീയർ മറുപടി നൽകി. എന്നാൽ, പ്രസ്തുത തർക്കത്തെ സംബന്ധിച്ച് അസി.എഞ്ചിനീയർ യഥാസമയം ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് ചെയ്തതായി യാതൊരു രേഖയുമില്ല.

കേരളാ പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ചട്ടം-15(7) പ്രകാരം പ്രവൃത്തിയുടെ ചെക്ക് മെഷർമെന്റ് നടത്തിയതിനു ശേഷം രണ്ട് ആഴ്ചയ്ക്കകം ഫൈനൽ പേയ്മെന്റ് നടത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. മരാമത്ത് ചട്ടങ്ങൾ പാലിച്ചുകൊണ്ട് പ്രവൃത്തികൾ നിർവ്വഹിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-23 വിവിധ സ്കൂളുകളുടെ മെയിന്റനൻസ്- എഗ്രിമെന്റ് വെച്ചതിനു ശേഷവും പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷവും നിരക്കിൽ വ്യത്യാസം വരുത്തി

| | |
|---|---|
| പ്രൊജക്ട് | SO.133/17-18 (S.144/16-17) |

| | |
|---|---|
| നം. | |
| അടങ്കൽ തുക | രൂ.332500 |
| ചെലവു തുക | രൂ.323325 (ബിൽ നം.52/24.3.18) |
| കരാറുകാരൻ | ശ്രീ.പ്രസാദ്.കെ.വി, കണ്ണംതടത്തിൽ |

പ്രവൃത്തിയുടെ ഫയലും എം.ബുക്കും പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തിയുടെ കരാറുകാരനുമായി 28.3.17-ൽ എഗ്രിമെന്റ് വെയ്ക്കുകയും പ്രവൃത്തി 3.5.17-ൽ പൂർത്തീകരിക്കുകയും ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അതിനുശേഷം 4.12.17-ൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. പ്രവൃത്തിയുടെ പൂർത്തീകരണത്തിനു മുമ്പായി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങണമെന്ന നിബന്ധന പാലിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/27.2.19) മറുപടിയായി, പ്രവൃത്തി തുടങ്ങിയതിനു ശേഷം പുരോഗമിക്കുന്നതിന് അനുസരിച്ച് സൈറ്റ് കണ്ടീഷന് അനുസൃതമായിട്ടാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതെന്നും, വിവരം അസി.എക്സി.എഞ്ചിനീയറെ ബോധ്യപ്പെടുത്തിയിരുന്നുവെന്നും അസി.എഞ്ചിനീയർ മറുപടി നൽകി. എന്നാൽ, 13-ാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ (ജി.ഓ(എം.എസ്) നം.72/2017/ത.സ്വ.ഭ.വ/തീയതി-29.3.17) ഖണ്ഡിക-8.5(5)(vii)-ൽ, ഒരു നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുമ്പോൾ മാറ്റങ്ങൾ പ്രതീക്ഷിക്കുകയാണെങ്കിൽ ആ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് കാലതാമസം കൂടാതെ സാങ്കേതികാനുമതി തേടേണ്ടതാണെന്നും, പ്രവൃത്തി പൂർത്തിയായതിനു ശേഷമോ നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ല എന്നും കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം അസി.എഞ്ചിനീയറോ അസി.എക്സി.എഞ്ചിനീയറോ പാലിച്ചില്ല. മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കാതിരുന്നതു സംബന്ധിച്ച് ടി രണ്ട് ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. പ്രവൃത്തിയുടെ 1-ാം ഇനമായിരുന്ന 'Providing & fixing steel partition to class rooms with folding type steel sections.......' - എന്ന പ്രവൃത്തിയ്ക്ക് ഒബ്സർവ്ഡ് ഡേറ്റാ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ (od.226603/ 2016-17) ഒറിജിനൽ എസ്റ്റിമേറ്റിൽ 5003.31/m2 എന്ന നിരക്കാണ് ഉൾപ്പെടുത്തിയിരുന്നത്.(Price with Cost Index- 45.71%) എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ 6009.17/m2 എന്ന നിരക്കാണ് ഉൾപ്പെടുത്തി പ്രതിഫലം നൽകിയിരിക്കുന്നത്. എഗ്രിമെന്റ് വെച്ചതിനു ശേഷം നിരക്കിൽ വ്യത്യാസം വരുത്താൻ പാടില്ലാത്തതാണ്. ഓഡിറ്റ് എൻക്വയറിയ്ക്ക് അസി.എഞ്ചിനീയർ നൽകിയ മറുപടിയിൽ, പ്രവൃത്തി ആരംഭിച്ചപ്പോൾ തയ്യാറാക്കിയ ഒബ്സർവ്ഡ് ഡേറ്റായിൽ കണക്കാക്കിയ ഏരിയായിൽ വ്യത്യാസം വരികയും അതിനനുസരിച്ച് ഉപയോഗിച്ച മെറ്റീരിയലിലും ലേബറിലും വ്യത്യാസം വരികയും ചെയ്തതിനാലാണ് ഒബ്സർവ്ഡ് ഡേറ്റാ പുതുക്കിയതെന്നും അറിയിച്ചു. ഈ മറുപടി അംഗീകരിക്കാനാവില്ല. മാത്രവുമല്ല, അസി.എഞ്ചിനീയർ തയ്യാറാക്കിയ ആദ്യത്തെ ഒബ്സർവ്ഡ് ഡേറ്റായിൽ Sundriesഎന്ന ഇനമായി 3.108m2-ന് 287.40രൂപ+45.71%-C.I=418.77രൂപയും (1m2-ന് 134.74രൂപ), രണ്ടാമത്തെ ഡേറ്റായിൽ 10.374m2-ന് 534രൂപ+45.71%-C.I=778.09രൂപയും ഉൾപ്പെടുത്തിയാണ് ഈയിനത്തിന് നിരക്ക് കണക്കാക്കിയിരിക്കുന്നത്. യഥാർത്ഥത്തിൽ ആവശ്യമായ ഇനങ്ങളെല്ലാം ഡേറ്റായിൽ ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ വീണ്ടും Sundriesഎന്ന ഇനമായി തുക ഉൾപ്പെടുത്തിയതും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ആയതിനാൽ ഈയിനത്തിന് 5003.31-134.74=4868.57/m2 എന്ന നിരക്കു മാത്രമേ ഓഡിറ്റിൽ അംഗീകരിക്കുന്നുള്ളൂ. 30.871m2-ന് 6009.17/m2 നിരക്കിൽ 185509.09രൂപ ഈയിനത്തിന് കരാറുകാരന് അനുവദിച്ചിട്ടുണ്ട്. അധികമായി നൽകിയ 35211രൂപ (6009.17-4868.57=1140.60/m2 X 30.871=35211.46) തിരിച്ചടയ്ക്കേണ്ടതാണ്.

ക്രമ നം.1-ൽ പറയുന്ന കാരണങ്ങളാൽ ബാക്കിയുള്ള ചെലവ് ( 323325-35211=288114രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 3-24 അറവുശാല നിർമ്മാണം പൂർത്തീകരിക്കാൻ നടപടികളില്ല

പാതിവഴിയിലാക്കിയ അറവുശാല നിർമ്മാണം പൂർത്തീകരിക്കാൻ തൻവർഷവും ഫലപ്രദമായ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. 2011-12-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 35 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് പണി ആരംഭിക്കുകയും 22.51 ലക്ഷം രൂപ നാളിതുവരെ ചെലവഴിക്കുകയും ചെയ്ത ആധുനിക അറവുശാല സ്വപ്ന പദ്ധതിയായി അവശേഷിക്കുന്നു. പദ്ധതിയ്ക്ക് നാളിതുവരെ മുടക്കിയ തുക നിഷ്ഫലമായി.

ഈ പ്രവൃത്തിക്ക്, പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായിരുന്നു ആദ്യം പ്രൊജക്ട് ആവിഷ്ക്കരിച്ചിരുന്നത്.

| | | |
|---|---|---|
| 1 | Building & Accessories | 1590000 |
| 2 | Mechanical and electrical | 900000 |
| 3 | Septic Tank | 47000 |
| 4 | Biogas Plant | 658000 |
| 5 | Lairage | 175000 |
| 6 | Electrification | 60000 |
| 7 | Plumbing | 70000 |
| | ആകെ | 3500000 |

2011-12 വർഷം ആരംഭിച്ച പ്രവൃത്തിയുടെ സിവിൽ വർക്കുകൾ 80% പൂർത്തിയാക്കി. 2993019 രൂപയുടെ ഡീറ്റയ്ൽഡ് എസ്റ്റിമേറ്റിന്റെ

അടിസ്ഥാനത്തിൽ 15% ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. സന്തോഷ് കുമാർ, മേലേതിൽ, പ്രക്കാനം എന്ന കരാറുകാരനെയാണ് പ്രവൃത്തി ഏൽപ്പിച്ചത്. 23.03.2012-ൽ ഗ്രാമപഞ്ചായത്തുമായി എഗ്രിമെന്റ് വച്ചു. പ്രവൃത്തി നടത്തിവരവെ ശുചിത്വ മിഷനിൽനിന്നും വിദഗ്ധ സംഘം പരിശോധന നടത്തി നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2014-15 വർഷം 3693510 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റിൽ നിന്നും ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, ലെയ്റേജ്, പ്ലംബിംഗ് പ്രവൃത്തികൾ ഒഴിവാക്കുകയും ഇവ ഉൾപ്പെടുത്തി അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു പുതിയ പ്രോജക്ട് രൂപീകരിക്കുകയും ചെയ്തിരുന്നു. മെക്കാനിക്കൽ പ്രവൃത്തികൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായുള്ള ഡെപ്പോസിറ്റ് വർക്ക് എന്നിങ്ങനെ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മുൻവർഷങ്ങളിൽ രണ്ടു പുതിയ പ്രോജക്ടുകൾ രൂപീകരിക്കുകയും ചെയ്തിരുന്നു.

കരാറുകാരന് മൂന്ന് പാർട്ട് ബില്ലുകളിലായി ആകെ 1523236 രൂപ മുൻവർഷങ്ങളിൽ നൽകിയിട്ടുണ്ട്. 12.11.2014-ലാണ് മൂന്നാം പാർട്ട് ബിൽ പാസ്സാക്കി നൽകിയത്. കരാറുകാരൻ തുടർന്ന് പണിയൊന്നും നടത്തിയില്ല. അറവുശാലയോട് ചേർന്നുള്ള ബയോഗ്യാസ് പ്ലാന്റ്, ലെയ്റേജ്, പ്ലംബിംഗ് പ്രവൃത്തികൾ എന്നിവ അംഗീകൃത ഏജൻസിയെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും തീരുമാനം നടപ്പാക്കിയില്ല. ഇലക്ട്രിഫിക്കേഷന് 2014-15-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി 727875 രൂപ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചതായി വിനിയോഗരേഖകൾ ലഭ്യമാക്കിയിട്ടില്ല. മെക്കാനിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ 9 ലക്ഷം രൂപയുടെ പ്രോജക്ട് 2013-14-ലെ വാർഷിക പദ്ധതി മുതൽ നിലവിലുണ്ടായിരുന്നുവെങ്കിലും കെട്ടിട നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ആയത് നടപ്പിലാക്കിയില്ല. ആയത് 2017-18-ൽ പ്രൊജക്ട് സ്പിൽ ഓവറായി വയ്ക്കാനും സാധിച്ചില്ല. പദ്ധതിയ്ക്കായി നാളിതുവരെ 22,51,111 രൂപ ചെലവഴിച്ചെങ്കിലും പദ്ധതി ലക്ഷ്യം കണ്ടിട്ടില്ല.



നിർമ്മാണം പൂർത്തിയാക്കാത്ത അറവുശാല കെട്ടിടം

അറവുശാലയുമായി ബന്ധപ്പെട്ട് 2017-18വർഷം അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 3 സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും ഒരെണ്ണം പോലും നടപ്പാക്കിയില്ല എന്നത് പഞ്ചായത്ത് ഭരണസമിതിയ്ക്ക് ഈ വിഷയത്തിലുള്ള താൽപര്യക്കുറവ് വ്യക്തമാക്കുന്നു. താഴെ പറയുന്ന പ്രൊജക്ടുകളാണ് ആവിഷ്കരിച്ചിരുന്നത്.

| ക്രമ നം. | പ്രൊജക്ട് | അടങ്കൽ തുക |
|---|---|---|
| 1 | SO.132/17-18-അറവുശാല പൂർത്തീകരണ പ്രവൃത്തികൾ | രൂ.540000(ശുചിത്വമിഷൻ ഫണ്ട്) |
| 2 | SO.179/17-18-അറവുശാല നിർമ്മാണവും ബയോഗ്യാസ് പ്ലാന്റും | രൂ.1525620(ശുചിത്വമിഷൻ ഫണ്ട്) |
| 3 | SO.182/17-18-അറവുശാല ലെയിറേജ് /റാമ്പ് നിർമ്മാണം | രൂ.325000(ശുചിത്വമിഷൻ ഫണ്ട്) |

പദ്ധതിയടങ്കലിന്റെ പകുതിയിലേറെ തുക ഇതുവരെ ചെലവഴിച്ചെങ്കിലും പദ്ധതി ലക്ഷ്യം കാണാതെ കിടക്കുന്നത് ഗ്രാമപഞ്ചായത്ത് അധികൃതരുടെയും, നിർവ്വഹണ ഉദ്യോഗസ്ഥരുടെയും (സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ) ഭാഗത്തുനിന്നുള്ള അനാസ്ഥ മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അറവുശാല നിർമ്മിക്കുന്നതുകൊണ്ട് ഗ്രാമപഞ്ചായത്തിന് ലഭ്യമാകാമായിരുന്ന വരുമാനവും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട പ്രയോജനവും പദ്ധതി അനന്തമായി നീണ്ടുപോകുന്നതുമൂലം നഷ്ടമാകുന്ന സാഹചര്യമാണ്. മാത്രവുമല്ല, പ്രസ്തുത ആവശ്യത്തിനായി നിർമ്മിച്ച കെട്ടിടം പ്രയോജനമില്ലാതെ കാട് പിടിച്ച് കിടക്കുന്ന അവസ്ഥയുമുണ്ടാകുന്നു. പദ്ധതിയുടെ പൂർത്തീകരണത്തിനുള്ള തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി അടിയന്തര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-25 ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തില്ല

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ ഏതാനും ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തിട്ടില്ല. MORD സ്പെസിഫിക്കേഷൻ അനുസരിച്ച് ഡാറ്റ തയ്യാറാക്കിയിട്ടുള്ളതിൽ പായ്ക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തിയ സാഹചര്യത്തിൽ കരാറുകാരൻ/കൺവീനർ നേരിട്ട് ടാർ വാങ്ങിയാൽത്തന്നെയും കാലി ബാരൽ തദ്ദേശ സ്ഥാപനത്തിലേക്ക് തിരിച്ച് ഏൽപ്പിക്കുന്നതിന് ബാധ്യസ്ഥനാണ്. ബാരൽ തിരിച്ചേൽപ്പിക്കാത്ത സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില(@238രൂപ+ജി.എസ്.റ്റി-12%) കുറവ് ചെയ്യണമായിരുന്നു. ഇ-ഗവൺമെൻറ് പ്രൊക്യുയർമെൻറ് ടെണ്ടർ നോട്ടീസിലെ 71- ാം ഇനമായി ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥയിൽ സിമന്റ് ബാഗ്, കാലിബാരൽ എന്നിവ സ്ഥാപനത്തിലേക്ക് തിരിച്ചേൽപ്പിക്കേണ്ടതില്ലെന്നും ആയതിന് സർക്കാർ കാലാകാലങ്ങളിൽ ഉത്തരവാകുന്ന നിശ്ചിത വില ബില്ലിൽ നിന്നും ഈടാക്കിയാൽ മതിയെന്നും സൂചിപ്പിച്ചിട്ടുണ്ട്. ബാരൽ വില കുറവ് ചെയ്യാതിരുന്ന പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ/കൺവീനർ | കാലി ബാരലിന്റെ എണ്ണം | ഈടാക്കേണ്ടതായ തുക |
|---|---|---|---|
| 1 | SO.111/17-18(S.55/16-17)- ബി.എസ്.എൻ.എൽ മൈക്രോ പടി മുതൽ നീലിയേത്ത് പടി വരെ റോഡ് റീടാറിംഗ്. (കരാറുകാരൻ- പ്രസന്നകുമാരൻ നായർ, പുത്തൻപുരയിൽ) | 21 | 4998+600 =5598 |
| 2 | S.74/17-18- മൈക്രോ സ്റ്റേഷൻ നീലിയത്ത് പടി റോഡ് റീടാറിംഗ്. (പ്രസന്നകുമാരൻ നായർ) | 26 | 6188+743 =6931 |
| 3 | SO.118/17-18(S.65/16-17)- പൊന്നേലിൽ തെക്കേതിൽ പടി റോഡ് റീടാറിംഗും പുനരുദ്ധാരണവും. (പ്രസാദ്.കെ.വി, കണ്ണംതടത്തിൽ) | 13 | 3094+371 =3465 |
| | ആകെ | | 15994 |

ടി നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്താത്ത പക്ഷം ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-26 ബില്ലിൽ നിന്നും കുറവു ചെയ്ത തുകകൾ ഒടുക്കു വരുത്തിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | SO.125/17-18(S.81/16-17)- പഞ്ചായത്ത് ഓഫീസ് അറ്റകുറ്റപ്പണികൾ |
| അടങ്കൽ തുക | രൂ.150000(തനതുഫണ്ട്) |
| ചെലവു തുക | രൂ.135558 (ചെക്ക് നം.402058/6.7.17) |
| കരാറുകാരൻ | ശ്രീ.പ്രസാദ്.കെ.വി, കണ്ണംതടത്തിൽ |

പ്രസ്തുത പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും കുറവുചെയ്ത നികുതികൾ, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം മുതലായവ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കു വരുത്തിയില്ല.

ആകെ പ്രവൃത്തിമൂല്യമായ 135558രൂപയിൽ നിന്നും വാറ്റ് ഇനത്തിൽ 5422രൂപയും, ആദായനികുതി 1356രൂപയും, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം 1356രൂപയും കുറവു ചെയ്തുവെങ്കിലും നാളിതുവരെയായും തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കുവരുത്തിയിട്ടില്ല. കൂടാതെ, എസ്റ്റിമേറ്റിൽ വകയിരുത്തിയതനുസരിച്ച് സർക്കാരിലേക്ക് ഒടുക്കുവരുത്തുന്നതിനായി സർവീസ് ടാക്സ് ഇനത്തിൽ 14234രൂപ കൂടി അസി.എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് നൽകിയെങ്കിലും ആയതും ഒടുക്കുവരുത്തിയിട്ടില്ല. അസി.എഞ്ചിനീയറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ കിടക്കുന്ന പ്രസ്തുത തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-27 ഗുണനിലവാരമില്ലാത്ത ഉപകരണങ്ങൾ സപ്ലൈ ചെയ്തു

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും 300000രൂപ വകയിരുത്തി ആയുർവേദ ആശുപത്രിക്ക് പഞ്ചകർമ്മ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി (S00109/18) നടപ്പിലാക്കി. തടി, ഫൈബർ, ഓട് എന്നിവ കൊണ്ടുള്ള ആയുർവേദ ചികിത്സാ ഉപകരണങ്ങളുടെ നിർമ്മാതാക്കളായ ദ്രോണി ആയുർവേദാസ്, മുടവൂർ, മൂവാറ്റുപുഴ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും 09-03-2018-ലെ 042, 043, 044 നമ്പർ ഇൻവോയിസുകൾ പ്രകാരം താഴെപ്പറയുന്ന പഞ്ചകർമ്മ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

| No | Items | Discriptions | Rate | Quantity | Amount |
|---|---|---|---|---|---|
| 1 | Dharapathi with Stant-single piece and Brass work | Length 275 cm(9 Feet), width 92cm (3 feet), thickness 10cm(4 inch), Wood Angili | 65000 | 1 | 65000 |
| 2 | Steam Bath Chamber-Sitting type, Fully wooden, with height adjustable stool (pressur guage, temperature guage,valve with tube) | Length 111cm,width 73 cm, Height 136 cm, Wood-Anjili, Inner side- Teak wood panelling | 37000 | 1 | 37000 |
| 3 | Sirodhara stant with brass work | Height 184 cm (6 feet) wood-Anjili, 4”*4” thickness | 10000 | 1 | 10000 |
| 4 | Cheenachatty Big(Iron50 CM Diameter | | 1500 | 2 | 3000 |
| 5 | ORON tavi | | 150 | 2 | 300 |
| 6 | Sirodhara Vessel | Bronze with Adjustable valve 3 ltr capacity. | 5000 | 1 | 5000 |
| 7 | Shalaka | Panchaloham | 1250 | 1 | 1250 |
| 8 | Dhoomapana Nethram | Bronze | 750 | 2 | 1500 |
| 9 | Uruli | 12 Inch Bronze | 3100 | 2 | 6200 |
| 10 | Uruli | Big size | 4500 | 1 | 4500 |
| 11 | Kalva Yanthrum(motor &Pistol) | Porceline | 250 | 4 | 1000 |
| 12 | Kalva Yanthrum(motor &Pistol) | Stone | 150 | 2 | 300 |
| 13 | Chattukam | Sterror Bronze | 950 | 1 | 950 |
| 14 | Vasthi Nethram | Bronze | 850 | 4 | 3400 |
| 15 | Vasthi Disposible Tip | | 5 | 100 | 500 |
| 16 | Vasthi Nethram bag | Disposible | 60 | 10 | 600 |
| 17 | Treatment Pillow | Artificial Leather, 1.5 ft length, 1 ft width, 2.5 ft thickness | 750 | 4 | 3000 |
| 18 | Kalva Yanthrum(Bronze) | Motor and Pistol 4 inch | 1450 | 2 | 2900 |

| | | | | | |
|---|---|---|---|---|---|
| | | height | | | |
| 19 | Akshitharppana Yanthra | Disposible | 280 | 2 | 560 |
| 20 | Sirovasthi Cap | Leather | 1200 | 2 | 2400 |
| 21 | Kadi Vasthi | Steel | 500 | 4 | 2000 |
| 22 | Janu Vasthi | Steel | 700 | 4 | 2800 |
| 23 | Greeva Vasthi | Steel | 800 | 2 | 1600 |
| 24 | Uro vasthi | Steel | 600 | 2 | 1200 |
| 25 | Kinetiser Heater with Uruli | | 11000 | 1 | 11000 |
| 26 | Armed Chair | wooden | 5500 | 1 | 5500 |
| 27 | Step Wooden | New model | 4500 | 1 | 4500 |
| 28 | Mathra vasthi nethram | Steel 100 ml | 800 | 4 | 3200 |
| 29 | Enema can needle | Disposible | 35 | 10 | 350 |
| 30 | Disposible sheet for Droni | | 12 | 10 | 120 |
| 31 | Apron | Disposible | 14 | 10 | 140 |
| 32 | Wooden shelf | 3 feet height, 2.5 width 1 feet thickness | 8500 | 1 | 8500 |
| 33 | Eye Wash cup Two nos | Disposible | 20 | 10 | 200 |
| 34 | Vamen peedh(heavy) | | 14000 | 1 | 14000 |
| 35 | Nasya chair | Steel with wooden panel | 10500 | 1 | 10500 |
| 36 | Steam Generator(Fully automatic | 3KW<br><br>230V Auto cut off steam programming | 24000 | 1 | 24000 |
| 37 | Naliswedana Yanthram-Indalium vessel | 15 ltr capacity, 2000watt, Flexible tube with S.Scontrolling valve | 12500 | 1 | 12500 |
| 38 | Armed chair -Wooden | | 6500 | 2 | 13000 |
| | | | | | |
| | Total | | | | 264470 |
| | GSTN 12% | | | | 31736.4 |
| | Transportation Charge | | | | 3793.11 |
| | Grand Total | | | | 299999.51 |

മെഡിക്കൽ ഓഫീസർ 17-01-19-ൽ സ്ഥാപനത്തിനു നൽകിയ കത്തിൽ സാധനങ്ങളുടെ ഗുണനിലവാരമില്ലായ്മയും മറ്റ് അപാകതകളും സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. ബില്ലിലെ 4- ാം നമ്പറായി സപ്ലൈ ചെയ്തിട്ടുള്ള ചീനച്ചട്ടി 2 എണ്ണം, 5-ാം നമ്പറായി സപ്ലൈ ചെയ്തിട്ടുള്ള തവി എന്നിവ നൽകിയിട്ടുള്ളതിന്റെ പകുതി വലുപ്പമുള്ളവ ആയിരുന്നു ചികിത്സക്ക് ആവശ്യപ്പെട്ടതെന്നും, തവി എന്നുള്ളത് ചട്ടുകം ആക്കി പരന്ന ടിപ്പ് ആക്കി നൽകണമെന്നും, ക്രമനം. 13 പ്രകാരമുള്ള ചട്ടുകം നാളിതുവരെയായും ലഭ്യമാക്കിയിട്ടില്ല എന്നും, ക്രമനമ്പർ 28പ്രകാരം നൽകിയിട്ടുള്ള മാത്രാ വസ്തിയുടെ വാഷർ തകരാറിലാണെന്നും, ക്രമനമ്പർ 37 പ്രകാരം നൽകിയിട്ടുള്ള നാഡീസ്വേദ യന്ത്രം ആറുമാസത്തിനുള്ളിൽ കേടായി

എന്നും, ക്രമനമ്പർ 25 പ്രകാരം നൽകിയിട്ടുള്ള കൈനറ്റൈസർ വിത്ത് ഉരുളി എന്നത് തീരെ ഗുണനിലവാരമില്ലാത്തതും വില വളരെ കൂടിയിട്ടുള്ളതുമാണെന്നും ടി സ്ഥാപനത്തെ അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെ പ്രസ്തുത അപാകതകൾ സ്ഥാപനം പരിഹരിച്ച് നൽകിയിട്ടില്ല. വാറണ്ടി പീരീഡിനുള്ളിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്ഥാപനം അപാകതകൾ പരിഹരിച്ച് നൽകാത്ത പക്ഷം നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-28 ഗവ. ആയുർവേദ ആശുപത്രി - അപര്യാപ്തതകൾ

12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗവ.ആയുർവേദ ആശുപത്രിക്ക് സ്ഥലം, കെട്ടിടം, മരുന്ന്, ആശുപത്രി ഉപകരണങ്ങൾ, ഫർണിച്ചർ, കുടിവെള്ളം, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപ്പഞ്ചായത്തുകൾ പ്രാധാന്യം നൽകേണ്ടതാണ് [സ.ഉ(എം.എസ്) നമ്പർ 362/2013 ത.സ്വ.ഭ.വ, തീയതി.16.11.2013-അനുബന്ധം-, ഖ-9- ]. എന്നാൽ പഞ്ചായത്തിന്റെ പരിധിയിലുള്ള ആയുർവേദ ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ അധികൃതർ കാര്യമായ ശ്രദ്ധ ചെലുത്തുന്നില്ല. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് ഗ്രാമപ്പഞ്ചായത്തിന്റെ ചുമതലയാണ്.

നാല് പഴയ കെട്ടിടങ്ങൾ ഉള്ള പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിട സമുച്ചയത്തിലാണ് ഗവ.ആയുർവേദ ആശുപത്രി സ്ഥിതി ചെയ്യുന്നത്. ടി കെട്ടിടങ്ങൾ കാലഹരണപ്പെട്ടതും എപ്പോൾ വേണമെങ്കിലും ഇടിഞ്ഞു പൊളിഞ്ഞു വീഴാവുന്ന അവസ്ഥയിലുമാണ്.





ജീർണ്ണിച്ച കെട്ടിടങ്ങൾ

നിലവിൽ പത്ത് രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യങ്ങളുണ്ട്. എന്നാൽ കെട്ടിടനിർമ്മാണത്തിലുണ്ടായ അപാകതകൾ കാരണം രോഗികളെ പ്രവേശിപ്പിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. പുരുഷന്മാരുടെ വാർഡിനും സ്ത്രീകളുടെ വാർഡിനും ഒരേ പ്രവേശനകവാടവും തൊട്ടടുത്തുള്ള മുറികളുമാണ്. സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള സംവിധാനമില്ല. നഴ്സിംഗ് റൂമിന്റെ ജനലിന് ഗ്രില്ലോ കതകോ ഇല്ല. ആയതിനാൽ രാത്രികാല ഡ്യൂട്ടി ചെയ്യുന്ന നഴ്സുമാരും സുരക്ഷിതരല്ല. മുറികളിൽ ഇട്ടിരിക്കുന്ന ടൈലുകൾ പൊട്ടി പൊളിഞ്ഞ് മുറികൾ ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. ശുചിമുറികൾ ഉപയോഗിക്കാൻ പറ്റാത്തവിധം കാലഹരണപ്പെട്ടതും വൃത്തിഹീനവുമാണ്. ടി കെട്ടിടത്തിലേക്കുള്ള വഴി സഞ്ചാരയോഗ്യമല്ല.

ഗ്രില്ലും കതകും ഇല്ലാത്ത നേഴ്സിംഗ് റൂം





ടൈലുകൾ പൊളിഞ്ഞനിലയിൽ

രണ്ടു മെഡിക്കൽ ഓഫീസർമാരും, ആവശ്യത്തിനുള്ള ഉദ്യോഗസ്ഥരും, പഞ്ചകർമ്മ തെറാപ്പിസ്റ്റും, പഞ്ചകർമ്മ ചികിൽസക്കുള്ള ഉപകരണങ്ങളും ഉണ്ടായിട്ടും മേൽപ്പറഞ്ഞ അപാകതകൾ കാരണം പരമാവധി രോഗികളെ കിടത്തി ചികിൽസിക്കുന്നതിന് സാധിക്കുന്നില്ല.

പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലും തൊട്ടടുത്തുള്ള മറ്റൊരു കെട്ടിടത്തിലുമാണ് മരുന്നുകൾ സൂക്ഷിക്കുന്നത്. ഈ കെട്ടിടങ്ങളിലെ പഴക്കം മൂലമുണ്ടായ ഈർപ്പം കാരണം ആയുർവേദ ചൂർണ്ണങ്ങൾ പൂപ്പൽ ബാധിച്ച് കേടാവുകയും കുഴമ്പ്, കഷായം എന്നിവ കനച്ചുപോകുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്.



നിലത്ത് സൂക്ഷിച്ചിരിക്കുന്ന മരുന്നുകൾ

25സെന്റ് സ്ഥലത്താണ് കാലഹരണപ്പെട്ട നാലു കെട്ടിടങ്ങൾ ഉൾപ്പെടുന്ന പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിട സമുച്ചയം സ്ഥിതി ചെയ്യുന്നത്. ടി കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ആയുർവേദ ആശുപത്രിക്ക് ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടം ( മരുന്നു സൂക്ഷിക്കുന്നതിനുള്ള സ്റ്റോറേജ് സൗകര്യം, നവീകരിച്ച പഞ്ചകർമ്മ തീയേറ്റർ, പേ വാർഡ് എന്നിവ ഉൾപ്പെടെ) നിർമ്മിക്കുന്നതിനും കുടിവെള്ളം, ഫർണ്ണിച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിച്ചാൽ ആയത് പൊതുജനങ്ങൾക്ക് വളരെയേറെ ഉപയോഗപ്രദമാകും എന്നതിൽ സംശയമില്ല.

## 3-29 സെക്യൂരിറ്റി ഡിപ്പോസിറ്റ് ഇനത്തിൽ ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റ് പണമാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തിയില്ല

(എ) മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും 300000രൂപ വകയിരുത്തി ആയുർവേദ ആശുപത്രിക്ക് പഞ്ചകർമ്മ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി (S00109/18) നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചിട്ടുള്ളതാണ്. ടെണ്ടറിൽ പങ്കെടുത്ത എക്സ്-റേ ഫിലിംസ് ആൻറ് ഹോസ്പിറ്റൽ സപ്ലൈസ്, ശാസ്ത്രി ജംഗ്ഷൻ, കോട്ടയം എന്ന സ്ഥാപനം സെക്യൂരിറ്റി ഡിപ്പോസിറ്റ് ഇനത്തിൽ മെഡിക്കൽ ഓഫീസറുടെ പേരിൽ 3000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് (നം. 969536/ 04-12-2017) ഹാജരാക്കിയിരുന്നു. എന്നാൽ ടി തുക പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കുവരുത്താതെ നാളിതുവരെ ഫയലിൽ സൂക്ഷിക്കുകയാണുണ്ടായത്. ആയത് ശരിയായ നടപടിയല്ല.

(ബി) മെഡിക്കൽ ഓഫീസർ (പ്രാഥമികാരോഗ്യ കേന്ദ്രം) നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും 100000രൂപ വകയിരുത്തി പ്രാഥമികാരോഗ്യ കേന്ദ്രം ലബോറട്ടറിക്ക് ലാബ് റീ-ഏജന്റ്, മെറ്റീരിയൽസ്, മറ്റ് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി (S0023/18) നടപ്പിലാക്കുന്നതിനായുള്ള ടെണ്ടറിൽ പങ്കെടുത്ത മെഡികെയർ ഡിസ്ട്രിബ്യൂട്ടേഴ്സ്, അവനവൻചേരി, ആറ്റിങ്ങൽ എന്ന സ്ഥാപനം സെക്യൂരിറ്റി ഡിപ്പോസിറ്റ് ഇനത്തിൽ മെഡിക്കൽ ഓഫീസറുടെ പേരിൽ 1000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് (നം 139861/04-12-2017) ഹാജരാക്കിയിരുന്നു. എന്നാൽ ടി ഡ്രാഫ്റ്റ് പണമാക്കി മാറ്റി പഞ്ചായത്ത് തനത് ഫണ്ടിലേക്ക് ഒടുക്കുവരുത്താതെ നാളിതുവരെ ഫയലിൽ സൂക്ഷിക്കുകയാണുണ്ടായത്.

സെൻട്രൽ സർജിക്കൽസ്, അമ്പാടി ബിൽഡിംഗ്, കുറുപ്പം റോഡ്, തൃശ്ശൂർ എന്ന സ്ഥാപനം സെക്യൂരിറ്റി ഡിപ്പോസിറ്റ് ഇനത്തിൽ മെഡിക്കൽ

ഓഫീസറുടെ പേരിൽ 1000രൂപയുടെ ഡിപ്പോസിറ്റ് അഡ്വൈസ് സമർപ്പിച്ചിട്ടുള്ളതിന്റെ രസീതും(സിറ്റി യൂണിയൻ ബാങ്ക്, തൃശ്ശൂർ, ഡെപ്പോസിറ്റ് നം. 500707066117980, 04-12-17), പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ഫാർമസി സ്റ്റോർ എ.സി. ചെയ്യുക എന്ന പദ്ധതി (S0027/18) നടപ്പിലാക്കുന്നതിനായി ടെണ്ടറിൽ പത്മശ്രീ ഇലക്ട്രിക്കൽസ്, ഇറവുംകര എന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ച പത്തനംതിട്ട സബ് ട്രഷറിയുടെ 30-05-18ലെ 193966/799010500404950 നം. ഫിക്സഡ് ഡിപ്പോസിറ്റിന്റെ രസീതും ഇപ്രകാരം ഫയലിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്.

ഭാവിയിൽ ഡെപ്പോസിറ്റായി ലഭിക്കുന്ന തുകയുടെ നിക്ഷേപ രസീതുകൾ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ Pledge ചെയ്ത് വാങ്ങേണ്ടതും, ആവശ്യമായി വരുന്ന പക്ഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്. വ്യാജ നിക്ഷേപ രസീതുകൾ ഹാജരാക്കുന്നതായി സംസ്ഥാനത്ത് പലയിടത്തും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, ഈ വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-30 മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| പ്രൊജക്റ്റ് നം | S0022/18 |
| അടങ്കൽ | രൂ.300000 |
| ചെലവ് | രൂ.264899 |

പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 17-10-2017ലെ PRF 1044/ 04-10-2017നമ്പർ പ്രോഫോർമ ഇൻവോയിസ് പ്രകാരം 300000രൂപ (ട്രഷറി ബിൽ നമ്പർ 03/12.10.17 )കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മാനേജിഗ് ഡയറക്ടർക്ക് 12-10-17-ൽ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് നംപർ 3624001800000019-ലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും 264899രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം/ തീയതി | മരുന്നു ലഭിച്ച തീയതി | തുക |
|---|---|---|
| 7623/23-01-2018 | 02/02/18 | 13241 |
| 7763/27-01-2018 | 02/02/18 | 40254 |
| 11412/29-10-2018 | 07/11/18 | 24086 |
| 1284/02-11-2018 | 07/11/18 | 20928 |
| 2243/17-12-2018 | 05/02/19 | 19212 |
| 15063/27-12-2018 | 05/02/19 | 93543 |
| ആകെ | | 264899 |

പണം നൽകി ഒരു വർഷം കഴിഞ്ഞിട്ടും 35101രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു. നിർധനരായ രോഗികൾക്ക് ആശ്വാസമാകേണ്ട ആരോഗ്യ കേന്ദ്രങ്ങൾക്ക് യഥാസമയം മരുന്നുകൾ ലഭ്യമാക്കാത്തത് ഗൗരവകരമായി വീക്ഷിക്കേണ്ട വസ്തുതയാണ്. ഈ വിഷയത്തിൽ ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റി അടിയന്തിരമായി ഇടപെടേണ്ടതും ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-31 പാലിയേറ്റീവ് കെയർ പദ്ധതി- നടത്തിപ്പിലും മേൽനോട്ടത്തിലും വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല

പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം നിലവിൽ 174 പേർക്ക് പരിചരണം നൽകിവരുന്നു. ഇതിൽ 112 പേർക്ക് ഹോം കെയർ പരിചരണത്തിനായി ഒരു ടീം ഇപ്പോൾ നിലവിലുണ്ട്. ആഴ്ചയിൽ ഒരു ദിവസം സെക്കൻഡറി ടീം വിസിറ്റ് ചെയ്യുന്നുണ്ട്. ഇവർ മാസം 16 എണ്ണം വീതം ഹോംകെയർ നടത്തിവരുന്നുണ്ട്. എന്നാൽ പദ്ധതിനടത്തിപ്പിലും മോണിറ്ററിംഗിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

(എ) മരുന്നുകൾ ലഭ്യമാക്കുവാൻ അവശേഷിക്കുന്നു

2017-18 ൽ പാലിയേറ്റീവ് കെയർ പദ്ധതിക്കുവേണ്ടിയുള്ള മരുന്നുകൾ വാങ്ങൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് അടൂർ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ 11.10.2017 ലെ പ്രൊഫോർമ ഇൻവോയിസ് നം.32010101829 പ്രകാരം 400000രൂപ (പ്രോജക്റ്റ് നം.S005/18) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മാനേജിഗ് ഡയറക്ടർക്ക് 31.10.17 ൽ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് നമ്പർ 3624001800000019-ലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും 345652രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. പണം നൽകി ഒരു വർഷം കഴിഞ്ഞിട്ടും 54348രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു. യഥാസമയം മരുന്നുകൾ ലഭ്യമാകാത്തതു മൂലം പദ്ധതി തടസ്സപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ആയതിനാവശ്യമായ മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. നിർധനരായ രോഗികൾക്ക് ആശ്വാസമാകേണ്ട പാലിയേറ്റീവ് കെയർ പോലെയുള്ള പദ്ധതിക്കുവേണ്ടി യഥാസമയം മരുന്നുകൾ ലഭ്യമാക്കാത്തത് ഭരണസമിതി

ഗൗരവകരമായി വീക്ഷിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റി അടിയന്തിരമായി ഇടപെടേണ്ടതും ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

(ബി) പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ചി ട്ടുണ്ടെങ്കിലും കൃത്യമായ കാലയളവിൽ യോഗം ചേരുന്നില്ല .

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും, സുഗമമായും മുന്നോട്ടു കൊണ്ടു പോകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ ചെയർപേഴ്സണായും നിർവ്വഹണോദ്യോഗസ്ഥനായ അലോപ്പതി മെഡിക്കൽ ഓഫീസർ കൺവീനറുമായി ആരോഗ്യം, ക്ഷേമകാര്യം എന്നീ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺമാർ, തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി, ആയുർവ്വേദം, ഹോമിയോ മെഡിക്കൽ ഓഫീസർമാർ, പാലിയേറ്റീവ് കെയർ നേഴ്സ്, സി.ഡി.എസ് ചെയർപേഴ്സൺ എന്നിവർ ഉൾപ്പെടെ പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന്(ജി.ഒ(ആർ.ടി)നം.3217/2015/ത.സ്വ.ഭ.വ/ തീയതി29-10-2015) മാർഗ്ഗരേഖ ഖണ്ഡിക 2.4 ൽ നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പായി ഈ കമ്മിറ്റി ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണെന്നും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും ഈ യോഗത്തിൽ കൺവീനർ അവതരിപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും കൃത്യമായ കാലയളവിൽ യോഗം ചേരുന്നില്ല. ഓഡിറ്റ് വർഷത്തിൽ കമ്മിറ്റി കൂടിയിട്ടേയില്ല എന്ന് മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ നിന്നും വ്യക്തമായി. പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി കൃത്യമായ കാലയളവിൽ യോഗം ചേരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്ന് വ്യക്തമാണ്.

പാലിയേറ്റീവ് പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-32 മൃഗസംരക്ഷണ മേഖല-അർഹരായ ഗുണഭോക്താക്കളുടെ അപര്യാപ്തത മൂലം ചെലവ് കുറയുന്നു

ഉത്പാദന മേഖലയിൽ ഉൾപ്പെടുന്ന മൃഗസംരക്ഷണ മേഖലയിൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മുട്ടക്കോഴി വളർത്തൽ (വനിത), കന്നുകുട്ടി പരിപാലനം, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് ആടിനെ വാങ്ങി നൽകൽ എന്നീ മൂന്ന് പ്രൊജക്ടുകളിൽ ഗുണഭോക്താക്കൾ കുറവായതു കാരണം അടങ്കലിന്റെ 28.8% തുക മാത്രമേ ചെലവഴിക്കാനായുള്ളൂ. പ്രസ്തുത പ്രോജക്ടുകൾക്കായി 2068000 രൂപ വകയിരുത്തിയതിൽ 595000രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേരും നമ്പരും | അടങ്കൽ | ചെലവ് |
|---|---|---|---|
| 1. | മുട്ടക്കോഴി വളർത്തൽ (വനിത)<br>പ്രൊജക്ട് നം 21/18 | 250000 (വികസനഫണ്ട്)<br>250000 ( മറ്റുള്ളവ ) | 115500<br>115500 |
| 2. | കന്നുകട്ടി പരിപാലനം<br>പ്രൊജക്ട് നം 32/18 | 300000 (വികസനഫണ്ട്, ജനറൽ)<br>900000 (മറ്റുള്ളവ ) | 300000<br>0 |
| 3. | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് ആടിനെ വാങ്ങൽ.<br>പ്രൊജക്ട് നം 32/18 | 272400 (വികസനഫണ്ട്, എസ് സി പി)<br>92000 (മറ്റുള്ളവ )<br>3600 (തനത് ഫണ്ട്) | 48000<br>16000<br>0 |
| ആകെ | | 2068000 | 595000 |

ഗ്രാമസഭാ മിനിട്സ് പരിശോധിച്ചതിൽ ടി പ്രോജക്ടുകൾക്ക് ആവശ്യമായ ഗുണഭോക്താക്കൾ ഉള്ളതായി കാണുന്നു. എന്നാൽ ഗുണഭോക്തൃ വിഹിതം അടവാക്കി ആനുകൂല്യം കൈപ്പറ്റുന്നതിന് മതിയായ എണ്ണം ഗുണഭോക്താക്കൾ തയ്യാറാകാതിരുന്നതാണ് ചെലവ് കുറയാനിടയായത്. ഇതുമൂലം പ്രൊജക്ടുകളിൽ ചെലവഴിക്കാനവശേഷിച്ച തുക നഷ്ടപ്പെടുകയും ചെയ്തു. ഗ്രാമപ്പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന തുകയാണ് ഇത്തരത്തിൽ നഷ്ടമായത്. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോൾ അർഹതാ മാനദണ്ഡങ്ങൾ വ്യക്തമായി നിർവ്വചിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-33 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- ഫണ്ടിന്റെ അഭാവം മൂലം പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി വികസന ഫണ്ടിൽ നിന്നും 200000രൂപയും ബ്ളോക്ക് പഞ്ചായത്തിൽ നിന്നും 200000 രൂപയും ഉൾപ്പെടുത്തി 400000 രൂപ വകയിരുത്തി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രൊജക്ട് (S0073/18)

നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 2 ക്ഷീരോത്പാദക സഹകരണസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് 3രൂപ നിരക്കിൽ 2017ഏപ്രിൽ മുതൽ 2018ജനവരി വരെയുള്ള മാസങ്ങളിൽ ക്ഷീരകർഷകർ, സംഘത്തിൽ നൽകിയ പാലിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകിയിരിക്കുന്നത്. സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിന് പകരം ക്ഷീരസംഘത്തിന്റെ അക്കൗണ്ടിലേയ്ക്ക് നൽകുകയും പിന്നീട് സംഘത്തിന്റെ അക്കൗണ്ടിൽ നിന്നും കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിരിക്കുകയുമാണ്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) നം.80/17/ ത.സ്വ.ഭ.വ തീ. 03/04/17നമ്പർ ഉത്തരവ് അനുസരിച്ച് ഒരു കർഷകന് ഒരു വർഷം പരമാവധി 30000രൂപ സബ്സിഡി അനുവദിക്കാവുന്നതാണ്. 2018-19 വർഷം മുതൽ ഇത് 40000രൂപ ആയി വർദ്ധിപ്പിച്ചിട്ടുമുണ്ട്. ഗ്രാമ/ബ്ലോക്ക്/ജില്ലാപ്പഞ്ചായത്തുകൾ സംയുക്തമായി പ്രോജക്ട് നടപ്പിലാക്കാനാണ് സർക്കാർ നിർദ്ദേശിച്ചിരുന്നതെങ്കിലും ജില്ലാ പഞ്ചായത്തിന്റെ വിഹിതം നേടിയെടുക്കുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിനോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കോ സാധിച്ചില്ല. ഒരു മാസം നൽകിയ പാലിന്റെ അളവിന്റെ അടിസ്ഥാനത്തിൽ ഒരു ഗുണഭോക്താവിന് പരമാവധി 8685 രൂപയിൽ താഴെ മാത്രമേ സബ്സിഡി നൽകാൻ സാധിച്ചുള്ളൂ എന്നതിനാൽ തന്നെ പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചില്ല. ഗ്രാമപ്പഞ്ചായത്തിലെ വലിയൊരു വിഭാഗം ജനങ്ങളുടെ മുഖ്യ ഉപജീവന മാർഗ്ഗമാണ് കന്നുകാലി വളർത്തൽ എന്നതിനാൽ തന്നെ ആവശ്യകതയ്ക്കനുസൃതമായി ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുവാൻ വികസന കാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-34 അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കപ്പെടുന്നില്ല

2015-16വർഷം അംഗൻവാടി പോഷകാഹാര പദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിൽ 125373 രൂപ അക്കൗണ്ടിൽ അവശേഷിച്ചിരുന്നു. 2016-17, 2017-18വർഷം മേൽപദ്ധതിക്കായി കേന്ദ്ര വിഹിതം, ബ്ലോക്കു വിഹിതം എന്നിവ ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കേന്ദ്ര വിഹിതം ലഭിച്ചത് | കേന്ദ്ര വിഹിതം ചെലവഴിച്ചത് |
|---|---|---|
| 2016-17 | 470692 | 255950 |
| 2017-18 | 384813 | 324694 |
| ആകെ | 855505 | 580644 |

31.3.18 വരെ പ്രസ്തുത ഇനത്തിൽ ആകെ 400234രൂപ അവശേഷിക്കുന്നുണ്ട്. ടി തുകയുടെ പലിശ പഞ്ചായത്ത് ഫണ്ടിലേക്കാണ് പോകുന്നത്. ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനാൽ വകമാറ്റി ചെലവഴിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. ഇപ്രകാരം ലഭിക്കുന്ന കേന്ദ്ര വിഹിതം ദേശസാൽകൃത ബാങ്കിൽ പ്രത്യേക സേവിംഗ്സ് അക്കൗണ്ട് തുടങ്ങി സൂക്ഷിക്കേണ്ടതാണെന്ന മുൻ ഓഡിറ്റ് നിർദ്ദേശം പഞ്ചായത്ത് പാലിച്ചിട്ടില്ല. ടി തുക ദേശസാൽകൃത ബാങ്കിൽ പ്രത്യേക സേവിംഗ്സ് അക്കൗണ്ട് തുടങ്ങി സൂക്ഷിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് നം 39033/ ഡി സി 2/2010ത.സ്വ.ഭ.വ./03-09-2010പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്ര വിഹിതത്തിൽ അവശേഷിക്കുന്ന തുക ഉപയോഗിച്ച് അംഗൻവാടി കെട്ടിട നിർമ്മാണം, കുടിവെള്ളം, വൈദ്യുതി, അറ്റകുറ്റപ്പണി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുമുള്ള പാത്രങ്ങൾ/സംഭരണികൾ എന്നിവ വാങ്ങുന്നതിനും വിനിയോഗിക്കാവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-35 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം ബുദ്ധിമുട്ടുകയാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 18 |
| സ്വന്തമായി കെട്ടിടം ഉള്ളവ | 17 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 1 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 17 |
| ബേബി ഫ്രണ്ട്‌ലി ടോയിലറ്റ് സൗകര്യം ഉള്ളവ | 9 |
| ചുറ്റുമതിൽ ഉള്ളവ | 8 |

| | |
|---|---|
| വൈദ്യുതി കണക്ഷൻ ഉള്ളവ | 16 |
| സ്വന്തമായി പൈപ്പ് കണക്ഷൻ | 0 |
| പൊതു ടാപ്പ് | 5 |
| കിണർ | 0 |
| സമീപത്തുള്ള വീടുകളിൽ നിന്ന് | 7 |
| പാചക പാത്രങ്ങൾ | ഉണ്ട് |
| കണ്ടയിനർ | കണ്ടയിനർ എല്ലാ അങ്കണവാടികൾക്കും ഉണ്ടെങ്കിലും വളരെ പഴക്കം ചെന്നതും തുരുമ്പിച്ചതും ആണ്. |

12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപ്പഞ്ചായത്തുകൾ പ്രാധാന്യം നൽകേണ്ടതാണ് എന്ന് നിർദ്ദേശം നൽകിയിരുന്നതാണ്. [സ.ഉ(എം.എസ്) നമ്പർ 362/2013 ത.സ്വ.ഭ.വ, തീയതി.16.11.2013-അനുബന്ധം-1, ഖ-9-1]. എന്നാൽ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ നാളിതുവരെയും അധികൃതർ ശ്രദ്ധ ചെലുത്തിയിട്ടില്ല. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് ഗ്രാമപ്പഞ്ചായത്തിന്റെ ചുമതലയാണ്. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപ്പഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്. ഒരു അങ്കണവാടിക്ക് സ്ഥലം ഉണ്ടെങ്കിലും കെട്ടിടം നിർമ്മിച്ചിട്ടില്ല. അടിസ്ഥാന ആവശ്യങ്ങളായ ടോയ്‌ലറ്റ്, സ്വന്തമായി കെട്ടിടം എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-36 അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് വിതരണം ചെയ്യുന്ന അമൃതം ന്യൂട്രി-മിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കി ഗുണനിലവാരം ഉറപ്പു വരുത്തുന്നില്ല. സാമൂഹ്യ ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 ലെ ഐ.സി.ഡി.എസ്. ബി-3-313/2010 കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുവാനും ഓരോ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും ഓരോ ബാച്ച് പ്രോഡക്ടിന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും ശിശു വികസന ഓഫീസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. ഇതോടൊപ്പംതന്നെ 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികളിൽ നിന്നും പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും, നൽകുന്ന പോഷകാഹാരങ്ങളുടെ ഗുണ നിലവാരവും പരിശോധനാ വിധേയമാക്കുന്നതിനുമായി ഗ്രാമസഭാ യോഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ നാളിതുവരെയായും പാലിച്ചിട്ടില്ല. കുട്ടികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ന്യൂട്രിമിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കേണ്ടതും നൽകുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള മോണിട്ടറിംഗ് കമ്മിറ്റി അടിയന്തിരമായി രൂപീകരിക്കേണ്ടതുമാണ്.

ന്യൂട്രിമിക്സിന്റെ ഗുണനിലവാരം സംബന്ധിച്ച് പരാതി ഉയർന്നതായും മാധ്യമവാർത്തകൾ വന്നതായും, ഇതിനെ സംബന്ധിച്ച് പരിശോധിക്കുന്നതിന് ഒരു സബ് കമ്മറ്റിയെ നിയോഗിച്ചതായും 11-01-2018-ലെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ സാമൂഹ്യ ക്ഷേമ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും, ആയത് ഭരണസമിതി കാലാകാലങ്ങളിൽ പരിശോധിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് | നിലവിലെ അവസ്ഥ |
|---|---|---|---|---|---|---|
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 30.12.17 | 200000 | S.05/17-18, സാന്ത്വന പരിചരണം | 178299 | 21701 | പൂർത്തിയാക്കി |

| | | | | | | |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 30.12.17 | 150000 | S.01/17-18, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ | 150000 | 0 | ,, |
| ബ്ലോക്ക് പഞ്ചായത്ത് | 30.12.17 | 250000 | S.75/17-18, തിലായിപ്പുംപടി ഇല്ലത്ത് പടി റോഡ് കോൺക്രീറ്റിംഗ് | 250000 | 0 | ,, |
| ,, | 30.12.17 | 250000 | S.78/17-18, ഗവ.യു.പി.എസ് കമ്മാളിക്കടവ് റോഡിൽ കണ്ടുവേലിൽ ഭാഗം റോഡ് കോൺക്രീറ്റിംഗ് | 250000 | 0 | ,, |
| ,, | 3.3.18 | 200000 | S.76/17-18, പാലിന് സബ്സിഡി | 200000 | 0 | ,, |
| ജില്ലാ പഞ്ചായത്ത് | 29.7.17 | 150000 | S.01/17-18, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ | 150000 | 0 | ,, |
| ,, | 09.03.18 | 1000000 | S.154/17-18 വനിതാ വിജ്ഞാന കേന്ദ്രം | 0 | 1000000 | 2018-19-ൽ സ്പിൽ ഓവർ പ്രോജക്ടാണ് |

പൂർത്തീകരിക്കാത്ത പദ്ധതികൾ പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| പ്രൊജക്ട് | നിക്ഷേപിച്ച സ്ഥാപനം | തുക | ബിൽ നമ്പർ, ചെക്ക് നം., തീയതി | പൂർത്തീകരണ വിവരങ്ങൾ |
|---|---|---|---|---|
| S.49/17-18, ഊപ്പമൺ പാലയ്ക്കൽ കോളനി പൈപ്പ് ലൈൻ നീട്ടൽ | കേരളാ വാട്ടർ അതോറിറ്റി | 223156 | 20/30.12.17 | പ്രവൃത്തി പൂർത്തീകരിച്ച |
| S.54/17-18, കോയിക്കകുന്നിൽ കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ | ,, | 71578 | 19/30.12.17 | ,, |
| S.71/17-18,കലതിക്കാട് കോളനിയിൽ തെക്കേക്കര ഭാഗം മുതൽ കലതിക്കാട് ഭാഗം വരെ പൈപ്പ് | ,, | 80000 | 21/30.12.17 | ,, |

| | | | | |
|---|---|---|---|---|
| ലൈൻ നീട്ടൽ | | | | |
| S.79/17-18, നെടുമ്പള്ളിൽ കോളനി പൈപ്പ് ലൈൻ നീട്ടൽ | ,, | 96000 | 17/30.12.17 | ,, |
| S.80/17-18, ചെറിയത്തുമല കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ | ,, | 111578 | 18/30.12.17 | ,, |
| S.81/17-18, പതിനാല് വാർഡുകളിലും പൈപ്പ് ലൈൻ നീട്ടൽ | ,, | 1400000 | 6/22.8.17 | ,, |
| S.83/17-18, പതിനാല് വാർഡുകളിലും സ്ട്രീറ്റ് ലൈൻ നീട്ടൽ | കെ.എസ്.ഇ.ബി, പത്തനംതിട്ട | 220700 | 10/26.10.17 | പൂർത്തീകരിച്ചില്ല |
| S.83/17-18, പതിനാല് വാർഡുകളിലും സ്ട്രീറ്റ് ലൈൻ നീട്ടൽ | കെ.എസ്.ഇ.ബി, കൈപ്പട്ടൂർ | 243914 | 25/22.2.18 | പൂർത്തീകരിച്ചു |

ക്രമ നം.1മുതൽ 5വരെയുള്ള പ്രവൃത്തികൾക്കായി 582312രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചതിൽ, 558819രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിക്കാതെ ശേഷിക്കുന്ന 23493രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പൂർത്തീകരിക്കാത്ത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ഓഡിറ്റ് വർഷം* | *ഖണ്ഡിക നം.* | *സമാഹൃത റിപ്പോർട്ട് വർഷം* | *ഖണ്ഡിക നം.* | *വിഷയം* | *ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|---|
| 2014-15 | 3-10 | 2015-16 | 4(1)10 | 2007-08, 08-09 വർഷങ്ങളിലായി 405949രൂപ ചെലവഴിച്ച് നിർമ്മിച്ച വൃദ്ധസദനം നാളിതുവരെ പ്രവർത്തന ക്ഷമമായിട്ടില്ല | 21.6.18-ലെ എസ്.സി 3/5171/17 നമ്പർ കത്ത് പ്രകാരം ബഹു.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് കത്ത് സമർപ്പിക്കുകയും നിയമസഭാ |

| | | | | | |
|---|---|---|---|---|---|
| | | | | | സമിതിയുടെ മുമ്പാകെ വിശദീകരണം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. നിലവിൽ ടി കെട്ടിടം ഹോമിയോ ഡിസ്പെൻസറിയായി പ്രവർത്തിക്കുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 53066929.54 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51670189.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 76545 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 698887 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-13(ബി) | - | 1000 | ശ്രീമതി ജാനറ്റ് ദാനിയേൽ, കൃഷി ഓഫീസർ |
| 3-14(ബി) | - | 8850 | -ടി- |
| 3-20 | - | 12622 | ശ്രീമതി സംഗീതാ പദ്മരാജൻ, അസി.എഞ്ചിനീയർ |
| 3-21 | - | 2868 | -ടി- |
| 3-23 | - | 35211 | -ടി- |
| 3-25 | - | 15994 | -ടി- |
| ആകെ | - | 76545 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 105000 | ശ്രീ.സന്ദീപ് ജേക്കബ്, സെക്രട്ടറി |
| 3-12 | 294703 | ശ്രീമതി ജാനറ്റ് ദാനിയേൽ, കൃഷി ഓഫീസർ |
| 3-13(എ) | 270 | -ടി- |
| 3-13(സി) | 2000 | -ടി- |
| 3-15 | 8800 | -ടി- |

| | | |
|---|---|---|
| 3-23 | 288114 | ശ്രീമതി സംഗീതാ പദ്മരാജൻ, അസി.എഞ്ചിനീയർ |
| ആകെ | 698887 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക |
|---|---|
| ഇല്ല | |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക - 2-2

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | സ്ഥിരവിലാസം | ഓഡിറ്റ് വേളയിലെ വിലാസം |
|---|---|---|
| ശ്രീമതി സംഗീതാ പദ്മരാജൻ, അസി.എഞ്ചിനീയർ | ഭദ്രദീപം, മഞ്ഞനിക്കര, ഓമല്ലൂർ | അസി.എഞ്ചിനീയർ, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് |
| ശ്രീമതി ജാനറ്റ് ദാനിയേൽ, കൃഷി ഓഫീസർ | വലിയകാലായിൽ (വീട്)<br>ഇലന്തൂർ ഈസ്റ്റ് പി.ഒ, പത്തനംതിട്ട | കൃഷി ഓഫീസർ, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ, തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി2/626/97/ തീയതി 14-01-98/10-02-98 | 2 |
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി2/790 /2000/തീയതി 04-07-01 | 3 |
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി.2/790A /2000/തീയതി06-11-01 | 5 |
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി2/607/01 തീയതി 23-03-02/09-05-02 | 16 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി2/670/01 തീയതി 03.04-02 | |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി3/829 /01തീയതി 10-04-02/ 20-09-02 | |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി3/452 /04തീയതി 18-04-07/ 07-02-05 | 3 |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.2/536/05 തീയതി 02-11-05 /15-02-06 | 3 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.3/726/06 തീയതി 12-12-06 | 6 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി.11/171 /08തീയതി 20-01-09 | 5 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.11/702/09 തീയതി 04-06-10 | 4 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.11/703 /09തീയതി 04-06-10 /29-10-11 | 5 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.6/36 /11തീയതി 03-11-11 / 03-08-12 | 3 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി.6/37 /11തീയതി 06-12-11 / 04-08-12 | 6 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി.6/877 /11തീയതി 03-10-11 / 06-08-12 | 3 |
| 2009-10, 2010-11 | എൽ.എഫ്.പി.റ്റി.എ-പി.1/878 /12തീയതി 10-12-12/05-06-14 | 3 |
| 2011-12 ,2012-13 | നം.എൽ.എഫ്.പി.റ്റി.എ.പി 5/777/14തീയതി.29.11.14 | |
| 2013-14 | നം.എൽ.എഫ്.പി.റ്റി.എ.പി 5/537/2015 തീയതി.6.07.15 | |
| 2014-15 | നം. കെ.എസ്.എ.പി.റ്റി.എ.പി-5/ 748/16 തീയതി 16-07-2016 | 9 |
| 2015-16 | നം. കെ.എസ്.എ.പി.റ്റി.എ. പി5/45/17 തീയതി 08.02.2017 | 17 |
| 2016-17 | നം. കെ.എസ്.എ.പി.റ്റി.എ. പി.5/759/17 തീയതി 18.07.17 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## Annexure-1
## AUDIT CERTIFICATE

No.KSA.PTA.P5/181/2019 Date:14-03-2019

Certified that I have examined the Annual Financial Statement of Omalloor Grama Panchayat in Pathanamthitta district for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Omalloor Grama Panchayat for the year 2017-18 except the observations in para 1-12 of my report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director(H.G)

Kerala State Audit Department

Pathanamthitta

## അനുബന്ധം-1
## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി5/181/2019 തീയതി : 14-03-2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 201 7-18 വർഷത്തെ വാർഷിക

ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-12-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട